ഫെബ്രുവരി 2009 വാല്യം 2 ലക്കം 10

**വേദാന്ത മാസിക**

സ്കൂൾ ഓഫ് വേദാന്തയുടെ മുഖപത്രം

**രക്ഷാധികാരികൾ**

ഡോ. പ്രഭാകരൻ എണ്ണക്കാത്തറ
സദാശിവൻ കെ.കെ.
ഡോ. കെ.വി. സത്യദേവ്
ശിവരാജൻ നങ്ങേലിൽ
ജയേഷ് സി. കെ.
വിനോദ് കുമാർ പി.ടി.
പ്രകാശൻ തൈക്കൂട്ടത്തിൽ
ഡോ. ശാന്തിമതി ഭാസ്കരൻ
നിരഞ്ജന ചേതന

**എഡിറ്റർ**

നിത്യ ചേതന

**എഡിറ്റർ-ഇൻ-ചാർജ്ജ്**

പ്രവീൺ വി.പി.

**പ്രൂഫ് റീഡിംഗ്**

സദാശിവൻ അയ്യങ്കുളം
ശബരി ചേതന

**ഗ്രാഫിക്സ്**

ബിപിൻ എൻ.പി.
രമണൻ ഒ.ടി.

**സർക്കുലേഷൻ മാനേജർ**

പ്രദീപ് കുമാർ കെ. ടി.

**പബ്ലിക് റിലേഷൻസ്**

സ്വരൂപ് വിശ്വം
ലക്ഷ്മി ആർ.

**ലീഗൽ അഡ്വൈസർ**

അഡ്വ. എൻ. എൻ. സുഗുണപാലൻ

## ഉള്ളടക്കം

എഡിറ്റോറിയൽ - 2

കാമനകളും ത്രിപുടിയും - 5
സ്വാമി സുധി

ഈശ്വരൻ - 13
കെ.കെ.രത്നം

അനുകമ്പയാണവൻ - 14
കെ.എൻ. ബാലാജി

മീരാ ഭജൻ - 19
അഷിത

ശങ്കരം ലോകശംകരം - 20
സ്വാമി സുധി

ത്യാഗരാജസ്വാമികൾ - 26
നിമ്യ സലിംകുമാർ

കലയിലെ പരിണാമം - 30
കെ.പി. രമേഷ്

വേദാന്തത്തിനൊരു സ്കൂൾ - 33
സ്വാമി സുധി

ചികിത്സാച്ചെലവ് കുറയ്ക്കാം - 36
ശ്രീ.രാഘവൻ തിരുമുല്പ്പാട്

ദൃശ്യവേദാന്ത - 40
കെ.ജിഗീഷ്

ഗുരു നിത്യചൈതന്യയതി - 45
രമണൻ ഒ.ടി.

വേദാന്ത വൃത്താന്തം - 46

## എഡിറ്റോറിയൽ



# അഖിലരും ആത്മസുഖത്തിനായി പ്രയത്നം......

എല്ലാവരും അവരവരുടെ സുഖത്തിനായി ഇവിടെ ഓരോരോ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നു. അക്കാര്യത്തിൽ യാതൊരു സംശയവും ഇല്ല. സംശയ മില്ലാത്തൊരു കാര്യത്തെ സുനിശ്ചിതം എന്നു പറയും. ആത്മനിശ്ചയം വരുമ്പോഴാണ് സുനിശ്ചിതത്വം അതിന്റെ പരമോന്നതാവസ്ഥയെ പ്രാപിക്കുന്നത്. വിഷ യങ്ങളിൽ നമുക്കുണ്ടാകുന്ന നിശ്ചയം ചഞ്ചലമാണ്.

ഒരിക്കലും തെറ്റുപറ്റാത്ത ഒരു പന്ഥാവ് നമ്മുടെ ജീവിതത്തിനുണ്ട്. അത് സുഖാന്വേഷണത്തിന്റെ പന്ഥാ വാണ്. മനുഷ്യരുടെ ഇടയിൽ മാത്രമല്ല, ജീവികൾക്കി ടയിലും ഈ സുഖാന്വേഷണം കാണാം. എന്നാൽ ജീവി കളിൽനിന്നും വ്യത്യസ്തമായി മനുഷ്യർക്ക് സുഖങ്ങ ളിലുള്ള ചില വേർതിരിവുകളെ തിരിച്ചറിയുവാൻ കഴി യും. അല്പസമയം ഉണ്ടാകുന്ന സുഖം, പിന്നെ മറ ഞ്ഞുപോകുന്ന സുഖം, അതിനേക്കാൾ മെച്ചപ്പെട്ട സുഖം, കുറേക്കാലം നീണ്ടുനിൽക്കുന്ന സുഖം ഇവയൊക്കെ തിരിച്ചറിയുവാൻ മനുഷ്യന് മൃഗത്തേ ക്കാൾ നന്നായറിയാം. അതുകൊണ്ട് ഒരു മനുഷ്യന്റെ ആത്മവികാസത്തിന്റെ പൂർണ്ണത സംഭവിക്കുന്നത് സുഖത്തിന്റെ ശാശ്വതമായിരിക്കുന്ന പ്രതലത്തെ കണ്ടെത്തുന്നതിലൂടെയാണ്. അത് ആത്മാധിഷ്ഠിതമാ

ണ്. ആത്മാവിലാണ് മനുഷ്യന്റെ മതം സുനിശ്ചിതമായിരിക്കുന്നത്.

ഒരാൾക്ക് തെറ്റുപറ്റാത്ത വിധത്തിലുള്ള ഒരനുഭവം ജീവിതത്തിലുണ്ടാകുന്നത് അവന്റെ ബോധം പൂർണ്ണവികാസം പ്രാപിക്കുമ്പോഴാണ്. ബോധത്തിന്റെ വികാസമാണ് മനുഷ്യന്റെ ജീവിതത്തിന്റെ ലക്ഷ്യമായിരിക്കുന്നത്. ബോധം അതിന്റെ പൂർണ്ണതയിൽ പ്രകാശിക്കുമ്പോൾ അതിനെ 'തികഞ്ഞ ദൈവികത' എന്നു പറയാം. ആ ദൈവികതയിൽ സ്നേഹത്തിന്റെ പ്രസരണം സ്വാഭാവികമായി സംഭവിക്കുന്നു. സ്നേഹം നമുക്ക് സ്വാഭാവികമായ പ്രസരണമായി മാറുന്നത് ബോധത്തിന്റെ പൂർണ്ണവികാസത്തിലൂടെ മാത്രമാണ്. ഒരു പൂവിന് ഗന്ധം എത്രമാത്രം സ്വാഭാവികമായിരിക്കുന്നുവോ അതുപോലെ പൂർണ്ണബോധം ഉണരുമ്പോൾ സ്നേഹം ഒരു സുഗന്ധമായി പ്രസരിക്കുന്നു. അതുകൊണ്ടാണ് യേശു പറയുന്നത് ദൈവം സ്നേഹമാണെന്ന്.

ദൈവത്തെ പതഞ്ജലിമഹർഷി അനുഭവമായിട്ടാണ് പറയുന്നത്. എപ്പോഴാണോ മനസ്സ് പക്വതയെ പ്രാപിക്കുന്നത്, അപ്പോഴൊക്കെ നാം ദൈവവുമായി താദാത്മ്യപ്പെട്ട് ദൈവസത്തയിൽ അമർന്ന് ഞാൻ എന്നും ദൈവം എന്നുമുള്ള പിരിവുകൾ ഒന്നുമില്ലാതെ ഈ പ്രാപഞ്ചികതയുടെ ഉണ്മയായി ഇരിക്കുന്നു. അതിനെ എങ്ങനെ നമുക്ക് സ്വജീവിതത്തിൽ വികസിപ്പിച്ചെടുക്കാം എന്ന് ഒരു ശാസ്ത്രമായി പതഞ്ജലിമഹർഷി അവതരിപ്പിക്കുന്നുണ്ട്. എല്ലാ അന്വേഷണത്തിന്റെ പിന്നിലും ഒരു ശാസ്ത്രമുണ്ട്. ശാസ്ത്രീയമായ വഴികളുണ്ട്. ഈശ്വരൻ പ്രപഞ്ചത്തെ സൃഷ്ടിച്ചു എങ്കിൽ പ്രപഞ്ചത്തിലെ ജീവജാലങ്ങൾക്കെല്ലാം ഈശ്വരനിലേക്ക് എത്തിച്ചേരുവാനുള്ള വഴിയും അതിൽത്തന്നെ നിഹിതമാക്കിവച്ചിട്ടുണ്ട്. അങ്ങനെ പ്രപഞ്ചത്തിൽ ഈശ്വരനിലേക്കുള്ള വഴിയെ ആണ് 'ധർമ്മം' എന്നു പറയുന്നത്.

ധർമ്മത്തിന്റെ പാത തിരഞ്ഞെടുത്തുകഴിഞ്ഞാൽ നമ്മൾ ദൈവത്തിലേക്ക് എത്തിച്ചേരുന്നത് സ്വാഭാവികമായിരിക്കുന്ന ഒരു പരിണതിയാണ്. എല്ലാ നദികളും സമുദ്രത്തിൽ ലയിക്കും എന്നുള്ളത് സ്വാഭാവികമായിരിക്കുന്ന ഒരു പരിണതിയാണ്. അതുപോലെ

ദൈവത്തിലേക്കുള്ള പാത തിരഞ്ഞെടുക്കുക എന്നുള്ളത് മാത്രമാണ് നമ്മളുടെ കൈവശം ഇരിക്കുന്ന ഒരിച്ഛ. ആ പാതയിലൂടെ നമ്മളെ കൊണ്ടുപോകുന്നത് ദൈവമാണ്. ഇവിടെ പിന്നീട് നമ്മുടെ ഇച്ഛ എന്നു പറയുന്നത് നമ്മുടെ ഇച്ഛയെ ഉപേക്ഷിക്കുക എന്ന ഇച്ഛയാണ്. നമ്മുടെ അഹങ്കാരത്തെ കളയുക എന്ന ഒരു ഇച്ഛ നമ്മുടെ ഭാഗത്തുനിന്നും വേണം. നമ്മുടെ കർമ്മങ്ങളെല്ലാം നമ്മുടേതല്ല എന്നു മനസ്സിലാക്കുവാനുള്ള ഒരിച്ഛാശക്തി നമ്മുടെ ഭാഗത്തുനിന്നും വേണം. അത്രമാത്രമാണ് ഒരു സത്യധർമ്മന് ജീവിതത്തിൽ അല്പം ശ്രമകരമായിട്ടുള്ളൂ. പിന്നെ വിശ്രമമാണ്. എന്തുകൊണ്ടാണ് വിശ്രമം? നമ്മുടെ അഹങ്കാരം പ്രവർത്തിക്കാതിരിക്കുമ്പോൾ നാം വിശ്രമിക്കുന്നവരാണ്. എന്തുകൊണ്ടെന്നാൽ ഈശ്വരനാണ് നമ്മുടെ എല്ലാ കർത്തവ്യങ്ങളും ഏറ്റെടുത്തിരിക്കുന്നത്. എപ്പോഴെങ്കിലും നാം കർമ്മങ്ങളിലോ കർത്തവ്യങ്ങളിലോ കർത്തൃത്വാഭിമാനങ്ങൾ കൊണ്ടു നടക്കുകയാണെങ്കിൽ വീണ്ടും അഹങ്കാരത്തിന് ക്ഷതമേറ്റുകൊണ്ടിരിക്കും. അതുകൊണ്ട് നമുക്ക് സ്വേച്ഛയെ കളഞ്ഞ് ഈശ്വരനെ നമ്മിലേക്ക് വരിക്കുക എന്ന പ്രണയമാണ് ജീവിതത്തിൽ കൈക്കൊള്ളാവുന്ന ഏറ്റവും നല്ല ആധ്യാത്മികത എന്നു പറയുന്നത്.

ജനനീ നവരത്നമഞ്ജരി
വ്യാഖ്യാനം
4



സ്വാമി സുധി

# കാമനകളും ത്രിപുടിയും



മനുഷ്യന്റെ കാമനകളിൽ നിന്നാണ് നാഗരികതകളും വികസനങ്ങളും ആവിർഭവിയ്ക്കുന്നത്. എവിടെയാണ് അവന്റെ കാമനകൾക്ക് പൂർത്തീകരണം ഉണ്ടാകുന്നത്? നാവുകൊണ്ട് നമുക്ക് സംസാരിക്കാൻ കഴിയുന്നത് പരിമിതമായ ദൂരത്തിൽ ഇരിക്കുന്നവരുമായാണ്. ആ പരിമിതമായ ദൂരത്തിനപ്പുറത്തേയ്ക്കു മനുഷ്യനു സംസാരിക്കുവാനുള്ള കാമനവളർന്നപ്പോൾ അവൻ ടെലിഫോണും മൊബൈൽ ഫോണും ഒക്കെ ഉണ്ടാക്കി. ഈ അന്വേഷണം എന്നെങ്കിലും അവസാനിക്കുമോ? ഈ അന്വേഷണം എല്ലാ തലങ്ങളിലുമുണ്ട്. നമ്മുടെ സകലവിധ ഇന്ദ്രിയങ്ങളുടെ തലങ്ങളിലും ഈ അന്വേഷണം മുമ്പോട്ടു പൊയ്കൊണ്ടിരിക്കുന്നുണ്ട്.

കണ്ണിന്റെ കാഴ്ചയുടെ കാര്യം നോക്കാം. കണ്ണിനു കാണാൻ കഴിയുന്നത് ചുരുങ്ങിയ ചക്രവാളസീമകളാണ്. എന്നാൽ ദൂരേയ്ക്കു നോക്കുവാൻ മനുഷ്യനു കൊതിയുണ്ട്. രാത്രി വീടിന്റെ മട്ടുപ്പാവിൽ മലർന്നുകിടന്ന് ആകാശത്തേയ്ക്കു നോക്കിയാൽ നിരവധി നക്ഷത്രങ്ങൾ ആകാശത്ത് ഒളിചിന്നി

നില്ക്കുന്നതു കാണുമ്പോൾ അവന്റെ മനസ്സുകൊതിക്കും, ഈ നക്ഷത്രങ്ങൾക്കപ്പുറം എന്തെങ്കിലുമുണ്ടോ എന്നറിയാൻ. അങ്ങനെയുള്ള അന്വേഷണം നടത്തിയപ്പോൾ, കണ്ണിനു പകരം വയ്ക്കാനായി, കുറച്ചുകൂടി ദൂരക്കാഴ്ച കൊണ്ടുവരാനായി അവൻ ദൂരദർശിനി കണ്ടുപിടിച്ചു. മൺതരിയേക്കാൾ ചെറിയ വസ്തുക്കളെ കാണാൻ കൊതി വന്നപ്പോൾ അവൻ സൂക്ഷ്മദർശിനി കണ്ടെത്തി. എല്ലാത്തരത്തിലും ഇന്ദ്രിയങ്ങളുടെ ധർമ്മത്തെ വീണ്ടും വീണ്ടും നീട്ടിവച്ചു നീട്ടിവച്ചു കൊണ്ടുപോകുന്ന ശാസ്ത്രത്തിന്റെ ഗതിയിലൂടെ മനുഷ്യൻ ഇന്ന് അസംതൃപ്തിയുടെ വക്കിലാണ് എത്തിനിൽക്കുന്നത്.

അതുകൊണ്ടല്ലേ മുമ്പെങ്ങും ഇല്ലാത്ത ഒരു ചലനാത്മകത ഈ ചുറ്റുപാടിൽ നാം കാണുന്നത്. മനുഷ്യൻ സദാ ചലിച്ചുകൊണ്ടിരിക്കുന്നു. രാവിലെ മുതൽ രാത്രി കിടക്കുന്നതുവരെ അവൻ ചലിച്ചുകൊണ്ടിരിക്കുന്നു. ചലനം അവന്റെ കാമനയിൽ നിന്നാണു വരുന്നത്. അവന്റെ കാമനയുടെ പൂർത്തീകരണം ഈ ഭൗതിക പ്രപഞ്ചത്തിൽ കണ്ടെത്താൻ കഴിയാത്തതിന്റെ അസ്വാസ്ഥ്യങ്ങളാണ് ഇന്നു മനോരോഗങ്ങളായി കണ്ടുകൊണ്ടിരിക്കുന്നത്. മിക്കവാറും എല്ലാ മനുഷ്യരും ഏറെക്കുറെയൊക്കെ മനോരോഗികളാണ്. ആരും അതു സമ്മതിച്ചുതരില്ലാ എന്നുമാത്രം.

കുറെയൊക്കെ കിറുക്കരാണ് മനുഷ്യർ. മൃഗങ്ങളേക്കാൾ അസ്വസ്ഥരാണ്. മൃഗങ്ങൾ കുറെയൊക്കെ സ്വസ്ഥരാണ്. എത്ര ക്രൂരതയുള്ള സിംഹമായാലും അതിന്റെ ഇരിത്തം എത്ര പ്രശാന്തമാണ്. അതു കണ്ടാൽ നമ്മളുടെ ഉള്ളിൽ ധ്യാനം വരും. അത്രയും ഗാംഭീര്യതയാണ് ആ ഇരിപ്പിന്. ഒരു ചലനംപോലും ദൃഷ്ടിയിലോ ശരീരത്തിലൊ ഉണ്ടാക്കാതെ ആ സിംഹം ഇരിക്കുന്നതുപോലെ നമുക്കിരിക്കാൻ കഴിയുമോ? നമുക്കിരിക്കാൻ കഴിയുകയില്ല. നാം അസ്വസ്ഥരായികൊണ്ടിരിക്കും.

എപ്പോൾ നിലനില്ക്കുന്ന ചുറ്റുപാടിൽ നമുക്ക് കാമത്തിന്റെ പൂർണ്ണത ഇല്ലാതിരിക്കുന്നുവോ അപ്പോൾ നമ്മിൽ സംഭവിക്കുന്ന ശാരീരികവും മനസികവും ആയ ചലനങ്ങളെയാണ് അസ്വസ്ഥത എന്നു പറയുന്നത്. എന്നാൽ ഒരാഗ്രഹവും ഇല്ലാതിരുന്നാലോ? നാം സ്വസ്ഥമായി കഴിഞ്ഞു. സ്വാസ്ഥ്യം ആരോഗ്യമാണ്. ഒരുവന്റെ സ്വാസ്ഥ്യത്തിന്റെ പൂർണത അവന്റെ കാമങ്ങളുടെ ഇല്ലായ്മയിലേ സംഭവിക്കുന്നുള്ളൂ. ഇതു മനസിലാക്കിയിട്ടുവേണം നാം ജനനീ നവരത്നമഞ്ജരിയുടെ സമഞ്ജസമായ പ്രകരണത്തിലേയ്ക്കു പ്രവേശിക്കുവാൻ.

മൂന്നു വീക്ഷണ കോണുകളിലൂടെ ആകെ ജീവിതത്തെ നമുക്കു മനസ്സിലാക്കാൻ കഴിയും. ഒന്ന്, പുരുഷന്റേതായ ഒരു നോട്ടം (angle of masculinity). രണ്ട്, സ്ത്രീയുടേതായ ഒരു വീക്ഷണകോൺ (angle of femininity). മൂന്ന്, നിഷ്പക്ഷമായ ഒരു വീക്ഷണം (angle of neutrality).

ഇങ്ങനെ മൂന്നു വീക്ഷണങ്ങ ളെയാണു സാധാരണഗതിയിൽ ദർശനങ്ങളിലും ചിന്തകളിലും മതങ്ങളിലുമൊക്കെ കണ്ടുവരാറ്. മതങ്ങളിൽ സ്ത്രീപക്ഷത്തുനിന്നും പുരുഷപക്ഷത്തുനിന്നും സത്യത്തെ നോക്കിക്കാണാറുണ്ട്. ക്രിസ്തു മതത്തിൽ പരമമായ സത്യ ത്തെ സ്വർഗ്ഗസ്ഥനായ പിതാവ് എന്നു പറയും. പിതാവ് പുരുഷനാണ്. അല്ലെങ്കിൽ പൗരുഷമുള്ള ഒരു ഭാഷയെ ങ്കിലുമാണത്. അള്ളാഹുവിനു നിഷ്പക്ഷമായിരിക്കുന്ന നിലയാണെ ങ്കിലും, മതം അതിനെക്കുറിച്ചു സംസാരി ക്കുമ്പോൾ അതിനു പൗരു ഷഭാവമുള്ള ഒരു നിലയാണു കൈവരുന്നത്. വൈഷ്ണവ മതം, ശൈവമതം ഇവയി ലൊക്കെ പൗരുഷമായിരിക്കു ന്ന തലമാണു ദൈവത്തിനു ള്ളത്. ജൂതമതത്തിലെ ദൈവ മായ യഹോവ പുരുഷപക്ഷ ത്തിലാണ്.

ഇനി വേറൊരു തലം സ്ത്രീയുടെ വീക്ഷണ കോ ണിൽ നിന്നു സത്യത്തെ നോക്കി കാണുന്നതാണ്. പ്രത്യേകിച്ചും പാശ്ച്യാത്യ മതങ്ങ ളിൽ അങ്ങനെയൊരു വീക്ഷണം കാണാനിടയില്ല. പാശ്ചാത്യ ചിന്ത കളിലും കാണു ന്നില്ല. ഗ്രീക്കുപു രാണങ്ങളിൽ ദേവീദേവന്മാരെ ക്കുറിച്ചു പരാമർശമുണ്ടെങ്കിലും ഭാരതത്തിലാണ് അങ്ങനെ യൊരു വീക്ഷണം വ്യക്തതയോടെ രൂപ പ്പെട്ടുവന്നിട്ടുള്ളൂ. അതു വൈദി കതയേക്കാൾ മുമ്പുതന്നെയുള്ള വീക്ഷണമാണ്. സത്യത്തെ അമ്മയായി കാണുക. സത്യം അമ്മയാണെന്നു പറയുമ്പോൾ ആ അമ്മ എല്ലാറ്റിനേയും പ്രസവി ക്കുന്ന അമ്മയാണ്. നാരായണ ഗുരു ആ അമ്മയെ പറയുന്നത് 'സകലം പെറും ആദിബീജം' -



എല്ലാറ്റിനേയും പ്രസവിക്കുന്ന ആദിബീജം എന്നാണ്. ആ അമ്മയിൽ നിന്നാണ് ഈ പ്രപഞ്ചം പിറന്നുവന്നിരിക്കുന്നത്.

ആകാശത്തു കാണുന്ന നക്ഷ ത്രങ്ങളും ഭൂമിയിൽ കാണുന്ന സാഗരങ്ങളും അന്തരീക്ഷവും വായുവും സകലതും ആ

അമ്മയിൽ നിന്നാണു പിറവി കൊള്ളുന്നത്. ആ അമ്മയിൽതന്നെയാണ് ഇവയെല്ലാം നിലനില്ക്കുന്നതും അമ്മയിൽതന്നെയാണ് ഇവയെല്ലാം തിരിച്ചു ലയിക്കുന്നതും. അങ്ങനെ പറയുമ്പോൾ അമ്മയിൽനിന്നു പ്രപഞ്ചമുണ്ടാകുന്നത് ഒരച്ഛന്റെ സഹായത്താലല്ലേ എന്നു നമ്മൾ ചോദിക്കാം. ഇവിടെ അമ്മ എന്നു പറയുന്നത് അച്ഛനും കൂടിയാണ്. അച്ഛന്റെ ആവശ്യമില്ലാതെതന്നെ അമ്മ എല്ലാറ്റിനേയും സൃഷ്ടിക്കുന്നു. അമ്മയിൽ തന്നെയിരിക്കുന്ന അച്ഛൻ. ഇത് സാധാരണ ഭാഷയിലാണ് പറയുന്നത്. ജനിപ്പിക്കുന്ന ശക്തിയായ അമ്മയിൽ തന്നെ ശക്തനായിരിക്കുന്ന സാക്ഷിചൈതന്യവുമിരിക്കുന്നുണ്ട്. ആ ഒരു വീക്ഷണ കോണിലൂടെ നോക്കുമ്പോൾ നാരായണഗുരു ജനനിയായ അമ്മയെ പരമാത്മാവായി കണ്ടുകൊണ്ടാണ്, പരമസത്യമായി കണ്ടുകൊണ്ടാണ്, ജ്ഞാനമായി കണ്ടുകൊണ്ടാണ് ഈ കൃതി എഴുതിയിരിക്കുന്നത്.

ഇനി ഒരു നില നിഷ്പക്ഷമായ നിലയാണ്. ആ ഒരു നില ഭാരതത്തിൽ കൂടുതലും സ്വീകരിച്ചിട്ടുള്ളത് അദ്വൈതവേദാന്തവും മഹായാന ബുദ്ധദർശനവുമാണ്. അദ്വൈതവേദാന്തത്തിന്റെ തലത്തിൽ നോക്കുമ്പോൾ സ്ത്രൈണമെന്നോ പൗരുഷമെന്നോ പറയാൻ ഇടകൊടുക്കാതെ വാക്കുകൾക്ക് അതീതമായിരിക്കുന്നതാണ് സത്യം. ആ സത്യത്തെ ബൃഹത്തായിരിക്കുന്നത് എന്ന അർത്ഥത്തിൽ ബ്രഹ്മം എന്ന പദം കൊണ്ടു സൂചിപ്പിക്കുന്നു. വാഗതീതമായ സത്യത്തെ വ്യവഹരിക്കാൻവേണ്ടി ഒരു നാമത്തെ ഉപയോഗിക്കേണ്ടിവരുന്നു എന്നതാണ് വേദാന്തത്തിലെ ഏറ്റവും വലിയ വിരോധാഭാസം. ആ വിരോധാഭാസത്തെ ശരിയായ മുമുക്ഷു തിരിച്ചറിയുകയും വേണം.

നിഷ്പക്ഷമായ ഈ തലത്തിലൂടെയുള്ള അന്വേഷണം വളരെ സൂക്ഷ്മതയുള്ള ശ്രദ്ധാലുക്കളായ സത്യാന്വേഷികൾക്കു മാത്രം കഴിയുന്ന ഒന്നായതുകൊണ്ട് ഗുരു ഇവിടെ ജനനീ നവരത്നമഞ്ജരി അവതരിപ്പിക്കുന്നത് അദ്വൈതത്തിന്റെ നിഷ്പക്ഷനിലയെ ജനനിയുടെ സ്ത്രൈണ പക്ഷത്തിലേയ്ക്ക് ആവാഹിച്ചെടുത്ത് ഒരു പ്രത്യേക ചാരുതയോടെ, പ്രത്യേക ആവിഷ്ക്കരണ സൗഭഗതയോടെ ക്രമീകരിച്ചു കൊണ്ടാണ്. അതുകൊണ്ട് ഇതിനെ വളരെ വ്യത്യസ്തമായിരിക്കുന്ന, ഒരു വിഭാഗത്തിലും പെടുത്താൻ കഴിയാത്ത കൃതിയായിത്തന്നെ കരുതണം. ഇതിനു മുമ്പുവരെ തത്ത്വജ്ഞാനത്തിന് പൗരുഷമായിരിക്കുന്ന ഒരു ഭാഷാപ്രയോഗം ഉണ്ടായിരുന്നു. അതുപോലെതന്നെ സ്ത്രൈണമായിരിക്കുന്ന ഒരു ഭാഷയുമുണ്ടായിരുന്നു. എന്നാൽ ഇവിടെവച്ച് ഈ ഭാഷകളുടെ അതിർവരമ്പുകളെ ഉല്ലംഘിച്ചുകൊണ്ടാണ് ഗുരു ഇത് എഴുതുന്നത്. നിങ്ങൾക്കിതിന്റെ അകത്തേയ്ക്കു കടക്കുമ്പോൾ അതെങ്ങനെയെന്ന് മനസ്സിലാകും.

അറിവിന്റെ ദേവതയാണ് ശാരദ. ശിവഗിരി മഠത്തിൽ ശാരദാ പ്രതിഷ്ഠയുമായി ബന്ധപ്പെട്ടാണ് ഈ കൃതി രൂപംകൊണ്ടത്. പൗരാണികമായിരിക്കുന്ന ഏതെങ്കിലും ഒരു കഥയോ അല്ലെങ്കിൽ ദേവതാസങ്കല്പമോ ഒന്നുമല്ല ഇതിൽ പ്രതിപാദ്യമായിരിക്കുന്നത്. ശുദ്ധമായ ജ്ഞാനത്തെയാണ് ജനനിയായി അവതരിപ്പിക്കുന്നത്. ഈ കൃതി തുടങ്ങുന്നത്, ഒന്നായ മാമതിയിൽനിന്ന് ആയിരം ത്രിപുടി വന്നു എന്നു പറഞ്ഞുകൊണ്ടാണ്.

ദുഃഖത്തിന്റെ കാരണം പലർക്കും വ്യക്തമല്ല. എന്നാൽ ബുദ്ധൻ പറഞ്ഞിട്ടുണ്ട് ദുഃഖത്തിന്റെ കാരണം എന്താണെന്ന്. തൃഷ്ണയാണ് ദുഃഖത്തിന്റെ കാരണം. തൃഷ്ണ എന്നാൽ ആഗ്രഹം. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ കാമന. അതായത് വിഷയങ്ങളിലുള്ള ആസക്തി. തൃഷ്ണയുടെ ശമനമാണ് നിർവാണം. നിർവാണം മരണമല്ല. കാമനകളിൽനിന്നുള്ള മോചനമാണ്. നിർവാണം ജീവിതത്തിന്റെ സഹജതയാണ്.

ദുഃഖം സുഖത്തിന്റെ മറുപുറമാണ്. സുഖത്തിലും ദുഃഖത്തിലും ബന്ധനമുണ്ട്. ദുഃഖത്തെ നാം ഒഴിവാക്കാൻ ശ്രമിക്കുന്നു. സുഖത്തെ പുല്കാനും കൊതിക്കുന്നു. സുഖത്തിന്റെയും ദുഃഖത്തിന്റെയും ഇടയിൽ ആന്ദോളനം ചെയ്യുന്നതാണ് മനസ്സ്. എന്നാൽ നിർവാണം തീർത്തും സഹജമായ ഒരു അനുഭൂതിയാണ്. അതു സുഖദുഃഖങ്ങൾക്കതീതമാണ്. അതിൽ ദ്വന്ദ്വങ്ങൾ സമീകരിക്കപ്പെടുന്നു. മനസ്സ് പൂർണ്ണമായും തിരോഭവിക്കുന്നു.



നാരായണഗുരു ദുഃഖത്തെക്കുറിച്ചു പറയുന്നത് കുറച്ചുകൂടി വ്യത്യസ്തമായ രീതിയിലാണ്. ഒന്നായ ബോധത്തിൽനിന്നു നിരവധിയായ ത്രിപുടികൾ വിടർന്നുവരുന്നു. ത്രിപുടികൾ ദുഃഖജനനികളാണ്. സവിശേഷമായ ഒരു വാക്കാണ് ത്രിപുടി. ഇതു നിങ്ങൾക്കു പരിചിതമായ ഒരു വാക്കായിരിക്കണമെന്നില്ല. ആദ്ധ്യാത്മിക ചിന്തകളുമായി പരിചിയപ്പെട്ടിട്ടുള്ള വ്യക്തികൾക്കറിയാം ത്രിപുടി എന്താണെന്ന്. അതിനെ നമുക്ക് വിശദീകരിക്കേണ്ടിയിരിക്കുന്നു. അതു മനസ്സിലാക്കിയാൽ ദുഃഖത്തിന്റെ കാരണം നമുക്കും മനസ്സിലാക്കാൻ കഴിയും.

ഏതനുഭവം എടുത്താലും ആ അനുഭവം നമ്മളിൽ സംഭവിക്കുന്നത് മുറിവുകളോടുകൂടിയാണ്, വിഭജിതമായ രീതിയിലാണ്. സാധാരണ അനുഭവങ്ങൾ എന്തൊക്കെയാണ്? കണ്ണു കൊണ്ടു കാണുന്നു, കാതു കൊണ്ടു കേൾക്കുന്നു, മൂക്കു കൊണ്ടു മണക്കുന്നു, നാക്കു കൊണ്ടു രുചിക്കുന്നു, ത്വക്കുകൊണ്ടു സ്പർശിക്കുന്നു. ഇവയല്ലേ ജ്ഞാനേന്ദ്രിയങ്ങളിലൂടെ അറിയുന്ന അറിവുകൾ? അതുപോലെ, മനസ്സിന്റെ തലത്തിൽ ചിന്തിക്കുന്നു, സങ്കല്പിക്കുന്നു, സംശയിക്കുന്നു. ഇവയും അനുഭവങ്ങളാണ്. ഇന്ദ്രിയങ്ങളുടെ തലത്തിലും മനസ്സിന്റെ തലത്തിലും നടക്കുന്ന അനുഭവങ്ങളെ നമുക്കു വ്യവച്ഛേദിച്ചു നോക്കേണ്ടതായിട്ടുണ്ട്. എന്നാലാണ് നമുക്കു നമ്മെക്കുറിച്ചു അറിയുവാൻ കഴിയുകയുള്ളു. എങ്ങനെയാണെനിക്കു ദുഃഖം വരുന്നതെന്നറിയണമെങ്കിൽ ആദ്യം അനുഭവത്തെ പഠിക്കേണ്ട തായിട്ടുണ്ട്. അനുഭവം എന്താണെ ന്നറിയണം. ഒന്നായിരുന്ന ബോധം പലതായിത്തീരുന്നു. അതാണു ദുഃഖത്തിനു കാരണം. ഏകമായിരിക്കുന്നത് അനേകമായിത്തീരുന്നു. അതെങ്ങനെ സംഭവിക്കുന്നു?

കാണുന്ന ലോകത്തെ നാം നമ്മിൽനിന്നു അന്യമായ ഒരു വസ്തുവായിട്ടാണ് എണ്ണുന്നത്. ലോകം വേറെ ഞാൻ വേറെ എന്ന തരത്തിൽ. അതുകൊണ്ട് ലോകത്തിലുള്ള ഏതനുഭവത്തെ എടുത്താലും അറിയുന്ന ഞാൻ മാറിനിൽക്കുന്നുണ്ട്. ഞാൻ കാണുന്നു എന്നു പറയുമ്പോൾ, ലോകം വേറെ ഞാൻ വേറെ. ഞാൻ കേൾക്കുന്നു എന്നു പറയുമ്പോഴും കേൾക്കുന്ന ശബ്ദം വേറെ, ഞാൻ വേറെ. അനുഭോക്താവായ എന്നെ വ്യത്യസ്തമായ, മാറിനിൽക്കുന്ന ഒരു ഘടകമായി കരുതുമ്പോൾ ഭോഗ്യവിശ്വത്തെ വേറെ ഒന്നായിട്ടും എണ്ണുന്നു.

വാസ്തവത്തിൽ വേദാന്തത്തിന്റെ നിലപാട് ഏകം സത് എന്നാണ്. സത്യം ഒന്നേയുള്ളൂ. ഒരേയൊരു സത്യമേ ഉള്ളുവെങ്കിൽ ഈ വിഭജനം എങ്ങനെ ഉണ്ടാകുന്നു? ഈ വിഭജനത്തിനു കാരണം മനസ്സാണ്. മനസ്സിലൂടെയാണ് ഏതൊരു അനുഭവവും സംഭവിക്കുന്നത്. മനസ്സുണ്ടെങ്കിൽ അനുഭവത്തിന് വിഭജനം ഉണ്ടായിരിക്കും. എനിക്കു നിങ്ങളെ കാണണമെങ്കിൽ മനസ്സിന്റെ സഹായം വേണം. അല്ലെങ്കിൽ എനിക്ക് കാണാൻ കഴിയുകയില്ല. നിങ്ങൾ എത്രപേർ ഇവിടെ ഇരിക്കുന്നുണ്ടെങ്കിലും എന്റെ മനസ്സ് ആ കാഴ്ചയിൽ പങ്കാളിത്തം വഹിച്ചാൽ മാത്രമേ എനിക്കു കാണാൻ കഴിയുകയുള്ളൂ. എന്റെ കണ്ണിനു സ്വതവേ നിങ്ങളെ കാണാനുള്ള ശക്തിയില്ല. മനസ്സ് അതിനെ പിന്താങ്ങണം. അപ്പോൾ മനസ്സിലൂടെ കാഴ്ച എന്ന രൂപത്തെ ഒപ്പിയെടുത്ത് ഞാൻ അറിയുന്നു. ഈ ഞാൻ ആരാണ്? നമ്മൾ ആദ്യം കരുതുന്നത് കണ്ണാണ് കാണുന്നത് എന്നാണ്. പക്ഷേ,

കണ്ണു കാണുന്നില്ല. ചിലയാളുകൾ കണ്ണുതുറന്നിരുന്ന് ദിവാസ്വപ്ന ങ്ങളിൽ മുഴുകാറുണ്ട്. ദിവാ സ്വപ്നം എന്നു പറഞ്ഞാൽ കണ്ണു തുറന്നിരിക്കുകയും അതേസമയം പല ചിന്തകളിലും ഭാവനകളിലും ഒക്കെ വ്യാപരിക്കുന്ന ഒരവ സ്ഥയാണ്. ഈ സമയത്ത് അവരുടെ മനസ്സിലെ സങ്കല്പ വികല്പങ്ങളിലൂടെ അവർ കടന്നുപോവുകയും കണ്ണിന്റെ മുമ്പിലുള്ള കാഴ്ചയെ കാണാതി രിക്കുകയും ചെയ്യുന്നു. ഇതു നിങ്ങൾക്കേവർക്കും അനുഭ വമുള്ള കാര്യമായിരിക്കണം. കണ്ണു തനിയെ കാണുന്നില്ല എന്നുള്ളതിന്റെ ഉത്തമദൃഷ്ടാ ന്തമാണ് ദിവാസ്വപ്നം കാണു ന്നവരുടേത്. അപ്പോഴായിരിക്കും ആരെങ്കിലും വന്ന് അയാളെ തട്ടിവിളിക്കുക: “ഹേയ്, എന്താണ് നീ ഇങ്ങനെ കണ്ണും മിഴിച്ചിരുന്ന് ചിരിക്കുന്നത്? ” അപ്പോഴയാൾ ഞെട്ടിയെഴുന്നേറ്റിട്ടു ചോദിക്കും: “നീ ഇവിടെ ഉണ്ടായിരുന്നോ?” ഇതിനർത്ഥം കണ്ണു തുറന്നിരി ക്കുമ്പോഴും മനസ്സു പിൻതാ ങ്ങിയാൽ മാത്രമാണ് മുമ്പിലുള്ള ദൃശ്യത്തെ നമുക്കു കാണാൻ കഴിയുകയുള്ളൂ എന്നാണ്.

ഇനി കണ്ണില്ലാതെ മനസ്സു വിചാരിച്ചാൽ എല്ലാം കാണാൻ കഴിയുമോ? കണ്ണ് എന്ന ഉപകര ണമില്ലെങ്കിൽ വസ്തുനിഷ്ഠ മായിരിക്കുന്ന ഈ പ്രപഞ്ചത്തെ കാണാൻ കഴിയുകയില്ല. എന്നിരു ന്നാലും അനുഭവം നമ്മുടെ ഉള്ളിൽ ഉണ്ടാകും. കണ്ണില്ലെങ്കിലും അനുഭവമുണ്ടാകും. ഒരു ഉദാ ഹരണം പറയുകയാണെങ്കിൽ രാത്രിസമയത്ത് നമ്മൾ കണ്ണ ടച്ചല്ലേ ഉറങ്ങുന്നത്. കണ്ണടച്ച് ഉറങ്ങുന്നുവെങ്കിലും എന്തെല്ലാം കാഴ്ചകളാണ് നമ്മൾ സ്വപ്ന ത്തിൽ കാണുന്നത്. മനോഹ രമായ ദൃശ്യങ്ങൾ, ഭയപ്പെടുത്തുന്ന ദൃശ്യങ്ങൾ. ചിലർ സ്വപ്നത്തിൽ മരിച്ചുപോകുന്നുണ്ട്. പക്ഷേ, കണ്ണു തുറക്കുമ്പോൾ അവർ മെത്തയിൽതന്നെ ജീവനോടെ കിടക്കുന്നതു കാണാം.

വസ്തുനിഷ്ഠമായിരിക്കുന്ന മരണം സ്വപ്നത്തിൽ സംഭവി ക്കുന്നില്ല എങ്കിലും ആത്മനി ഷ്ഠമായ (subjective) മരണം അവർക്കു സംഭവിക്കുന്നു. സ്വപ്ന ത്തിൽ അവർ ഭയപ്പെട്ടു നില വിളിക്കുന്നു. അനുഭവം അപ്പോഴും ഉണ്ടെന്നാണ് ഇതു വെളിവാക്കു ന്നത്. സ്വപ്നത്തിലെ അനുഭവം യാഥാർത്ഥ്യം എന്നതുപോലെ സ്വപ്നത്തിൽ അനുഭവപ്പെടുന്നു. എന്നു പറഞ്ഞാൽ കണ്ണുകൊണ്ട് ഈ പ്രപഞ്ചത്തെ കാണുന്നതല്ല ദുഃഖത്തിനു കാരണം എന്നുള്ള തിന്റെ തെളിവ് സ്വപ്നത്തിൽ നമ്മൾ ദുഃഖിക്കുന്നു എന്നുള്ള താണ്. ഈ പ്രപഞ്ചത്തെ ഒഴി വാക്കിയതുകൊണ്ടുമാത്രം ദുഃഖം തീരുകയില്ല എന്നതിന്റെ തെളി വാണ് സ്വപ്നാനുഭവവേളയിൽ നമ്മൾ ദുഃഖിക്കുന്നത്. സ്വപ്ന ത്തിൽ ദുഃഖിക്കാൻ കാരണ മെന്താണ്?

അതിനു മനസ്സിനെക്കുറിച്ച് നമുക്കു മനസ്സിലാക്കേണ്ടിവരും.

മനസ്സ് ഒരു മറയാണ്. നമ്മുടെ സ്വച്ഛമായിരിക്കുന്ന, തെളിമയുള്ള ബോധത്തിനു മുകളിലെ ഒരു മറ (screen). ആ സ്ക്രീനിന്റെ ഉള്ളിലൂടെയാണ് നമ്മൾ കാഴ്ച കളൊക്കെ കാണുന്നത്. ആ സ്ക്രീനിന് ചിലരുടെ ഉള്ളിൽ വളരെ ഇരുണ്ട നിറമായിരിക്കും. ചിലരുടെ ഉള്ളിൽ കുറച്ചുകൂടി ഇരുളിമ കുറഞ്ഞിരിക്കും. ചിലരിൽ അതു വളരെ ശുദ്ധമായിരിക്കും. അങ്ങനെ പല അനുപാതത്തി ലുള്ള മനസ്സിന്റെ ഈ അവസ്ഥ യെ താമസികമായിരിക്കുന്ന മനസ്സ്, രാജസികമായി രിക്കുന്ന മനസ്സ്, സാത്വികമായിരിക്കുന്ന മനസ്സ് എന്നൊക്കെ വിഭജിച്ചു മനസ്സിലാക്കാം. ഇതിൽ രാജസിക മായിരിക്കുന്നതിൽനിന്നു സാത്വി കമായതിലേയ്ക്കു മനസ്സിനെ കുറേശ്ശെ കുറേശ്ശെ ശുദ്ധീകരി ച്ചെടുക്കാം. ആ പ്രക്രിയയെയാണ് ചിത്തശുദ്ധീകരണം എന്നു പറയുന്നത്.

പല വഴികളിലൂടേയും പല സാധനകളിലൂടേയും ചിത്തശുദ്ധീ കരണം നമുക്കു നടത്തിയെടു ക്കാം. എല്ലാവരും ഒരു രീതിയിലൂ ടെതന്നെ ചിത്തശുദ്ധീകരണം നടത്തണമെന്നില്ല. ചിലർക്കു ഭക്തിയിലൂടെ ചിത്തശുദ്ധീകര ണം നടക്കും. ചിലർക്കു നിഷ്കാമ മായിരിക്കുന്ന കർമ്മത്തിലൂടെ, ചിലർക്കു ഗുരുസേവയിലൂടെ, ചിലർക്കു ലോകസേവയിലൂടെ, ചിലർക്കു ഈശ്വരസേവയിലൂടെ ഒക്കെ ചിത്തശുദ്ധീകരണം നടന്നെന്നിരിക്കും. ചിലർക്കു ജ്ഞാനത്തിന്റെ വഴിയിലൂടെ ഏകമായ സത്യത്തെ ഏകമായി ദർശിക്കുന്നതിലൂടെ ചിത്തശു ദ്ധീകരണം സംഭവിക്കും. ഏതുവഴി സ്വീകരിക്കണം എന്ന തിനെ സംബന്ധിച്ചു താർക്കികത കളൊന്നും വേണ്ട. ഓരോരുത്ത ർക്കും അവരവർക്ക് ഇണങ്ങുന്ന രീതിയിലുള്ള ഒരു വഴി അവര വരുടെ ഉള്ളിൽതന്നെ വെളിപ്പെ ടുന്നതായിരിക്കും. അല്ലാതെ അടിച്ചേൽപ്പിക്കേണ്ടതായിട്ടില്ല.

അപ്പോൾ ഒന്നായ മാമതിയി ൽനിന്ന് ആയിരം ത്രിപുടി വന്നു. ആയിരം എന്ന വാക്ക് ഇവിടെ ആലങ്കാരികമായിട്ടാണ് പറയു ന്നത്. എണ്ണമറ്റ എന്നർത്ഥത്തി ലാണ്. എണ്ണമറ്റ ചിന്തകൾ ബോധത്തിൽവന്ന് അങ്കുരിക്കുന്നു. പതഞ്ജലിയുടെ ഭാഷയിൽ പറഞ്ഞാൽ അവ ചിത്തവൃ ത്തികളാണ്. ഈ ചിത്തവൃ ത്തികൾ എണ്ണമറ്റ രീതിയിൽ ബോധത്തിൽ ഒന്നു മാറുമ്പോൾ വേറൊന്ന് എന്നിങ്ങനെ പ്രവഹിച്ചു കൊണ്ടിരിക്കുകയാണ്. ഒരിഷ്ട ത്തിൽനിന്നു വേറൊരു ഇഷ്ട ത്തിലേക്ക്, ഒരു പ്രിയത്തിൽനിന്നു വേറൊരു പ്രിയത്തിലേക്ക്, ഒരു കാഴ്ചയിൽനിന്നു വേറൊരു കാഴചയിലേക്ക്, ഒരു സുഖത്തിൽ നിന്നു വേറൊരു സുഖത്തിലേക്ക് ചിത്തവൃത്തികൾ നിരന്തരമായി പ്രയാണം നടത്തിക്കൊണ്ടിരി ക്കുന്നു.

# ഈശ്വരൻ

കെ.കെ. രത്നം



പൂവിൽ സുഗന്ധമായ് നീ ലയംകൊള്ളുന്നു.
കാറ്റിന്റെയീണമായ് നീ കൂട്ടുകൂടുന്നു
സൂര്യന്റെ രശ്മിയിൽ സപ്തവർണ്ണങ്ങളായ്
നീയൊളിചാർത്തി വിളങ്ങുന്നു നിത്യവും.

സാഗരം തൻ തിരക്കയ്യിനാലൂഴിക്കു
താളവും മേളവും കാഴ്ചവച്ചീടവേ
താരിനൊക്കും വെൺനുരയുടെയൊപ്പമായ്
താവകഹാസം തെളിയുന്നിതെപ്പൊഴും.

അന്തിമേഘത്തിന്റെ സിന്ദൂരവർണ്ണത്തിൽ
സന്തോഷപൂർവ്വം വിളങ്ങുന്നു നിൻമുഖം
പുൽക്കൊടിത്തുമ്പിൽ തുഷാരമായ് മിന്നുന്നു
പുല്ലാങ്കുഴലിലൊഴുകുന്നു ഗാനമായ്.

ഹരിതകമായിട്ടൊളിക്കുന്നിലകളിൽ
അരിയവാർവ്വില്ലായ് തെളിയുന്നു വാനിലായ്
അന്ധന്റെയുള്ളിൽ പ്രകാശം നിറയ്ക്കുന്നു
അന്ധകാരത്തിൽ തുണയ്ക്കുന്നു തോഴനായ്.

മാമുനിമാരുടെ ഹൃത്തിൽ നീയെന്നുമേ
മാനവസ്നേഹം തെളിക്കുന്നു നിത്യവും
മാനത്തഗാധമാം നീലിമയായ് നില്പൂ
മാനവഹൃത്തിൽ വിളങ്ങുന്നു സത്യമായ്.

ശൈശവം കാട്ടിത്തരുന്ന നിൻരൂപത്തെ
വിശൈകശില്പിയാം ലോകാധിനായകാ
അമ്മതന്നുള്ളിൽ കനിവിന്റെ കണങ്ങൾ നീ
ഇമ്മഹിയിൽ പ്രാണവായു നീ ദൈവമേ.

നിഷ്ക്കാമനും നിരാകാരനുമായ നീ
നിത്യം തുണയ്ക്കുന്നു സ്നേഹസ്വരൂപമേ.



കെ.എൻ. ബാലാജി

# അനുകമ്പയാണ്ദേവൻ



എന്തുകൊണ്ടാണ് മനുഷ്യൻ അനുകമ്പയുള്ളവനായിരിക്കണമെന്നു നിഷ്ക്കർഷിക്കുന്നത്? കടുവ മാൻപേടയെ പിടിച്ചുതിന്നുമ്പോൾ അവിടെ അനുകമ്പയുടെ ചോദ്യം ഉദിക്കുന്നില്ല. പൂച്ച എലിയെ ഭക്ഷിക്കുമ്പോഴും അപ്രകാരംതന്നെ. "ജീവോ ജീവസ്യ ജീവനം". ഒരു ജീവൻ മറ്റൊരു ജീവന്റെ ആഹാരമാകുന്നു എന്ന തത്ത്വം പ്രകൃതിയിൽ സർവ്വത്ര കാണുമ്പോൾ മനുഷ്യൻമാത്രം എന്തുകൊണ്ട് കരുണയുള്ളവനാകണം. ചോദ്യത്തിൽത്തന്നെ അതിനുത്തരവും ഉണ്ട്. മനുഷ്യൻ മനുഷ്യനായതുകൊണ്ടുതന്നെയാണ് കാരുണ്യം ഉണ്ടാകേണ്ടത്. 'ഉണരണമിന്നിയുറങ്ങണം ഭുജിച്ചീടണമശനം പുണരേണം' എന്ന ആഹാരനിദ്രാഭയമൈഥുനാദികൾ ജന്തുസഹജമായ കാര്യങ്ങളാണ്. ഈ നാലു കാര്യങ്ങളുമായിമാത്രം കഴിയുന്ന മനുഷ്യനും ജന്തുക്കളും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. എന്നാൽ മനുഷ്യനെ മറ്റു ജീവിവർഗ്ഗങ്ങളിൽനിന്ന് വ്യത്യസ്തനാക്കുന്നത് സത്യത്തെ അതായത് ഈശ്വരനെ തിരഞ്ഞുതേറിടുവാൻ അവന് പ്രാപ്തിയുള്ളതി

നാലാണ്. മനനശീലം മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരുവന്റെ യഥാർത്ഥപ്രഭവസ്ഥാനം എവിടെ യാണെന്ന് അന്വേഷിച്ചു കണ്ടെ ത്തുവാനുള്ള വിവേകം മനുഷ്യ വർഗ്ഗത്തിനു മാത്രമുള്ള വരദാനമാ ണ്. 'ക്വഗതം കേനവാനീതം?'. എവിടെനിന്നും വന്നു, ആരാൽ കൊണ്ടുവരപ്പെട്ടു എന്ന ചോദ്യം ചോദിക്കുന്നതും മനുഷ്യൻ മാത്ര മാണ്. ഞാൻ എവിടെനിന്നാണ് ഈ ലോകത്തിലേക്കു വന്നത്? ആരാണ് എന്നെ ഈ പ്രപഞ്ചത്തി ലേക്കു കൊണ്ടുവന്നത്? ഇതിന്റെ ഉത്തരം തേടിച്ചെന്ന അമൃത ത്വത്തെ ഇച്ഛിക്കുന്നവനായ സത്യാ ന്വേഷി ഇന്ദ്രിയങ്ങളെ ബാഹ്യവ്യ വഹാരങ്ങളിൽനിന്ന് പിൻതിരിച്ച് പ്രത്യഗാത്മാവായി ഉള്ളിലേക്കു നോക്കുന്നു. ഈ പ്രപഞ്ചത്തെ മുഴുവൻ അനുഭവിയ്ക്കുന്ന 'ഞാൻ' ആരെന്ന അന്വേഷണമാ യി. എല്ലാറ്റിനേയും കാണുന്ന കേൾക്കുന്ന പ്രകാശിപ്പിക്കുന്ന ജീവനാണ് താനെന്ന് ആദ്യമായി മനസ്സിലാക്കുന്നു. ജീവനോ? 'ജീവോ ബ്രഹ്മൈവ' - ജീവൻ ഈശ്വരൻതന്നെ. അതേ. സർവ്വശ ക്തനും സർവ്വജ്ഞനും സർവ്വവ്യാ പിയും സർവ്വേശ്വരനുമായ ജഗദീ ശ്വരനുമാണ് എന്റെ ജീവൻ. അല്ല സർവ്വേശ്വരൻതന്നെ.

പരിണാമചക്രത്തിലെ അപ്രമേ യമായ കണ്ടുപിടിത്തം ജീവൻ ഈശ്വരനോളം വളർന്ന് ഈശ്വര നായിത്തീർന്നിരിക്കുന്നു. ഞാൻ ഈശ്വരാംശമാണെന്നു ബോദ്ധ്യമാകു മ്പോൾ എല്ലാ ജീവജാലങ്ങളും അതേ ഈശ്വരാംശമാണെന്ന സത്യം പ്രകാശിക്കുന്നു. സകല ജീവജാല ങ്ങളും എന്റെ ഉള്ളിൽ പ്രകാശി ക്കുന്ന ഈശ്വരാംശം തന്നെയാണെ ങ്കിൽ ഞാനും മറ്റു ജീവജാലങ്ങളും ഒരേ ഈശ്വരന്റെ ഒരേ ആത്മാവിന്റെ സന്താനങ്ങൾതന്നെ! അതേ. 'എല്ലാ വരും ആത്മസഹോദരരെന്നല്ലേ പറ യേണ്ടതിതോർക്കുകിൽ നാം' - എല്ലാ ജീവജാലങ്ങളും ആത്മസ ഹോദരങ്ങളായതിനാൽ ജീവികളെ കൊല്ലുവാനും കൃപയില്ലാതെ ഭുജി ക്കുവാനും നമുക്കവകാശമില്ല. ഈശൻ ജഗത്തിലെല്ലാം ആവസി ക്കുന്നുവെന്ന പരമാർത്ഥദർശനം ഉണ്ടായവൻ അങ്ങേയറ്റത്തെ കരു ണാവാനായി അനുകമ്പയാണ്ടവനാ യിത്തീരുന്നു. ഇപ്രകാരം ലോകത്തെ ആത്മതുല്യം കണ്ട് ആത്മാർത്ഥ മായി ലോകത്തെ സ്നേഹിച്ച ശ്രീനാ രായണമാമുനി ലോകകല്യാ ണാർത്ഥം മന്ത്രിക്കുന്നതു ശ്രദ്ധിക്കൂ.

കൊല്ലായ്കിലവൻ ഗുണമുള്ള പുമാൻ
അല്ലായ്കിൽ മൃഗത്തൊടു തുല്യനവൻ
കൊല്ലുന്നവനില്ല ശരണ്യത മ-
റ്റെല്ലാവക നന്മയുമാർന്നിടിലും
(ജീവകാരുണ്യപഞ്ചകം 5)

നിരപേക്ഷതലത്തിലെ കാഴ്ച പ്പാടല്ലേ ഈപ്പറഞ്ഞത്. സാപേക്ഷി കതലത്തിൽ നിൽക്കുന്ന സാധാര ണക്കാർക്ക് ഗുരുവിന്റെ ഉന്നതമായ ആത്മഭാവത്തിലേക്കു പോകുവാൻ എന്തു ചെയ്വാൻ കഴിയും. എന്ന് ആരെങ്കിലുമൊക്കെ വിചാരിച്ചാൽ

അവരോട് ഗുരുക്കന്മാരുടെ ഉപദേശം. നിങ്ങൾ പ്രകൃതിയിലേക്കു ശ്രദ്ധിക്കൂ, പ്രകൃതി നിങ്ങൾക്കു സത്യം കാണിച്ചുതരും എന്നായിരിക്കും. പ്രകൃതിയിലേതാണ്ട് പരിനാറ്ലക്ഷത്തോളം ജീവിവർഗ്ഗങ്ങളുണ്ട്. പ്രകൃതി തത്ത്വങ്ങളെ സൂക്ഷമ നിരീക്ഷണം നടത്തുമ്പോൾ മറ്റു ജീവജാലങ്ങളെ കൊല്ലുവാനോ കഴിക്കുവാനോ നമുക്കധികാരമോ അവകാശമോ ഇല്ലെന്ന സത്യം ബോധ്യമാകും. പ്രകൃതിസൃഷ്ടിയിൽ കുറെ ജീവജാലങ്ങൾ സസ്യഭുക്കുകളും മറ്റു ചിലവ മാംസഭുക്കുകളുമായിരിക്കുന്നു. മനുഷ്യൻ ഏത് ഇനത്തിൽപ്പെട്ടതാണെന്നു ചോദിച്ചാൽ മിശ്രഭുക്കെന്നായിരിക്കും മറുപടി. സാമാന്യബുദ്ധിയും യുക്തിവിചാരവും സത്യത്തെ അംഗീകരിക്കുവാൻ തയ്യാറുള്ള മനസ്സുമുണ്ടെങ്കിൽ ചില പരമാർത്ഥങ്ങൾ അനായാസം ബോധ്യപ്പെടും. സസ്യഭുക്കിന്റേയും മാംസഭുക്കിന്റേയും ശരീര ഘടനയിലെ ചില പ്രത്യേകതകൾ നമുക്കൊന്നു പരിശോധിക്കാം.

ആടിനും പശുവിനുമൊക്കെ കുടിക്കാൻ വെള്ളം കൊടുത്താൽ വലിച്ചാണ് കുടിക്കുന്നത്. കടുവ, പുലി, സിംഹം തുടങ്ങിയ മാംസഭുക്കുകൾ വെള്ളം നക്കിയാണ് കുടിക്കുന്നത്. ജനിക്കുമ്പോൾതന്നെ സസ്യഭുക്കുകളുടെ കണ്ണ് തുറന്നിരിക്കുന്നു. ജനിച്ച ഏതാനും ദിവസം കഴിഞ്ഞാണ് മാംസഭുക്കുകളുടെ കണ്ണുകൾ തുറക്കുന്നത്. സസ്യഭുക്കുകളുടെ നഖം പരന്നതാണ്. മാംസഭുക്കുകളുടെ നഖങ്ങൾ കൂർത്തു മൂർത്തതാണ്. മുൻപോട്ടും പിൻപോട്ടും ചലിപ്പിക്കുവാൻ ശേഷിയുള്ളതുമാണ്. കഴിക്കുന്ന സമയത്തോ പിന്നീടോ സസ്യഭുക്കുകൾ ഭക്ഷണം നന്നായി ചവച്ചരച്ചാണ് കഴിക്കുന്നത്. മാംസഭുക്കുകൾ മാംസം വിഴുങ്ങുകയാണ് ചെയ്യുന്നത്. സസ്യഭുക്കുകളുടെ പല്ലുകൾ പരന്നതാണ്. കൂർത്തമൂർത്ത പല്ലുകളാണ് മാംസഭുക്കിന്റേത്. സസ്യാഹാരികളുടെ താടിയെല്ല് അങ്ങോട്ടുമിങ്ങോട്ടും ചലിപ്പിക്കാം. മാംസാഹാരിക്ക് ഈ പ്രത്യേകതയില്ല. മാംസം ദഹിക്കുവാൻ അമ്ലാംശം (ആസിഡ്) ധാരാളം ആവശ്യമാണ്. അതിനാൽ മാംസം കഴിക്കുന്ന ജീവികളുടെ ശരീരത്തിൽ ധാരാളം യൂറിക് ആസിഡ് ഉല്പാദിപ്പിക്കപ്പെടുന്നു. സസ്യാഹാരികളായ ജീവികളുടെ ശരീരം ക്ഷാരാംശപ്രദാനമായതിനാൽ യൂറിക് ആസിഡിന്റെ അളവ് വളരെ കുറവാണ്. മാംസഭുക്കുകൾക്ക് വിയർപ്പുഗ്രന്ഥികളില്ല. സസ്യഭുക്കുകൾക്കുണ്ട്. സസ്യഭുക്കുകളുടെ കുടലിന് പന്ത്രണ്ടുമീറ്റർവരെ നീളമുണ്ടാകും. മാംസഭുക്കുകളുടെ കുടലിന് ഏറിയാൽ അഞ്ച്മീറ്റർ നീളമേയുള്ളൂ.

ഇത്രയും കാര്യങ്ങൾ മാത്രം വച്ച് പരിശോധിച്ചാലും മുകളിൽ മാംസഭുക്കുകൾക്ക് പറഞ്ഞിരി

ക്കുന്ന ഒരു ലക്ഷണവും മനുഷ്യ നില്ല. സസ്യഭുക്കുകൾക്കു പറയ പ്പെട്ടിരിക്കുന്ന എല്ലാ ലക്ഷണങ്ങളു മുണ്ടുതാനും അപ്പോൾ ഒരു കാര്യം തീർച്ച മനുഷ്യൻ സസ്യഭുക്കാണ്. മത്സ്യമാംസാദികൾ കഴിക്കാൻ മനു ഷ്യനവകാശമില്ല. ശരീരത്തിന് ഉത്തമം സ്വാഭാവിക ഭക്ഷണ മാണ്. ഭക്ഷ ണപദാർത്ഥങ്ങളോട് ഒന്നും ചേർക്കാ തെയും ഒന്നും നഷ്ട പ്പെടാതെയും കഴി ക്കുവാൻ കഴിയുന്ന താണ് സ്വാഭാവിക ഭക്ഷണം. കൂട്ടികുറ യ്ക്കലുകളില്ലാതെ മനുഷ്യന് കഴിക്കാ വുന്ന ഭക്ഷണം പഴ ങ്ങളും പച്ചക്കറികളു മാണ്. മത്സ്യമാംസാദികൾ സ്വാഭാ വികമായ രീതിയിൽ കഴിക്കുവാൻ സാദ്ധ്യമല്ല. പ്രകൃതിയിൽനിന്നും കിട്ടുന്നതിൽനിന്ന് പലതും കളഞ്ഞ തിനു ശേഷം ഉപ്പ്, മുളക്, മസാല കൾ തുടങ്ങിയവ ചേർത്ത് വേവി ച്ചാണ് മത്സ്യമാംസാദികൾ കഴിക്കു ന്നത്. ആരോഗ്യവും സുഖവും കാംക്ഷിക്കുന്ന മനുഷ്യർ അസ്വാ ഭാവിക ഭക്ഷണത്തെ ഉപേക്ഷിച്ച് സ്വാഭാവിക ഭക്ഷണരീതി അനു വർത്തിക്കേണ്ടതാണ്. പൂർണ്ണ ത്തിൽ നിന്നുമാണ് പൂർണ്ണം ഉണ്ടാ കുന്നത്. പൂർണ്ണമായ ശരീരത്തിന് പൂർണ്ണമായ ഭക്ഷണമാണു വേണ്ട ത്. കൂട്ടികുറയ്ക്കലുകളില്ലാതെ പ്രകൃതിയിൽ നിന്നും കിട്ടുന്ന രീതിയിൽ കഴിക്കുവാൻ കഴിയുന്ന താണ് പൂർണ്ണതയുള്ള ഭക്ഷണം.

ഈ വക കാര്യങ്ങളിൽ ഗുരു വിന്റെ സുചിന്തിതമായ നിർദ്ദേശം ശ്രവിക്കുന്നതിന് സമുചിതമായിരി



ക്കും. ഗുരു സൂക്തങ്ങൾ ഇങ്ങനെ യാണ്. മത്സ്യമാംസാദികൾ കഴിക്ക രുത്. അതു ശവക്കറിയാണ്.പുത്രന് തള്ളയുടെ സ്തന്യത്തെ ഉപഗോ രിക്കുന്നതിനല്ലാതെ മാതൃ നിഗ്രഹം ചെയ്ത് മാംസത്തെ ഉപ യോഗിക്കണമെന്ന് ദൈവസങ്കല്പം സംഭവിക്കുമോ? അത് ഒരിക്കലും വരുന്നതല്ല. ഇതുപോലെ ദൈവം മനുഷ്യരുടെ ഉപയോഗത്തിനായി ക്കൊണ്ടുതന്നെ പ്രാണികളെ സൃഷ്ടിച്ചിരിക്കുന്നുവെന്നുള്ള വ്യവ ഹാരം അതുകളുടെ ക്ഷീരാദികളി ലായിരുന്നുവെങ്കിൽ എത്രയോ ന്യായമായിരിക്കുമായിരുന്നു. അപ്പോൾ അചരപദാർത്ഥങ്ങളായ

ധാന്യാദികളൊക്കെയും മനുഷ്യരുടെ ഉപയോഗത്തിനായിക്കൊണ്ടു തന്നെ ദൈവം സൃഷ്ടിച്ചിരിക്കുന്നുവെന്നും ക്ഷീരാദികളുടെ ഉപയോഗത്തെ ഉദ്ദേശിച്ചിട്ടല്ലാതെ പശ്വാദികളെ സൃഷ്ടിച്ചിട്ടുള്ളതല്ലെന്നും സ്പഷ്ടമാകുന്നു.

ദിനംപ്രതി രണ്ടു റാത്തൽ മാംസം ഉപയോഗിച്ചുവരുന്ന ഒരു കുടുംബനാഥനോട് ഒരിക്കൽ ഗുരുദേവൻ പറഞ്ഞു:"നിങ്ങൾ തിന്നാതിരുന്നാൽ മാസമൊന്നുക്ക് രണ്ട് ജീവനെയെങ്കിലും രക്ഷിക്കാമല്ലോ. മാംസം ഭക്ഷിക്കുന്നത് നാക്ക് മുറിക്കേണ്ടുന്നത്ര ഘോരമായ പാപമാണ്. കോഴിയേയും ആടിനേയും ഒന്നും വെട്ടരുത്. ജന്തുഹിംസ പാപമാണ്. സർവ്വധർമ്മങ്ങളും അഹിംസയിൽ അന്തർഭവിച്ചിരിക്കുന്നു. എല്ലാ അധർമ്മങ്ങളും ഹിംസയിൽ അന്തർഭവിച്ചിരിക്കുന്നു."

ജീവകാരുണ്യപഞ്ചകം, അനുകമ്പാദശകം തുടങ്ങിയ ഗുരുകൃതികളിൽക്കൂടി ഗുരുവിന്റെ അനുകമ്പാർദ്രമായ മുഖം ദർശിക്കാൻ കഴിയും. അനുകമ്പാമൂർത്തിയായ ഗുരു സഹജീവിസ്നേഹത്തിന്റേയും കാരുണ്◌ായത്തിന്റേയും അനുകമ്പയുടേയുമൊക്കെ മുഖം ശ്രുതിയുക്ത്യനുഭവങ്ങളിൽക്കൂടി മനോഹരമായി, ചേതോഹരമായി പ്രസ്തുത കൃതികളിൽ വരച്ചുകാട്ടുന്നു. കൊല്ലാവ്രതത്തേക്കാൾ ഉത്തമം തിന്നാവ്രതമാണെന്ന് അവിടന്ന് ചൂണ്ടിക്കാണിക്കുന്നു. എന്തെന്നാൽ ഭുജിക്കാൻ ആളുള്ളതുകൊണ്ടാണ് മൃഗങ്ങളെ കൊല്ലുവാൻ തയ്യാറാകപുന്നത്. ഇക്കാരണത്താൽ തിന്നുന്നതാണ് കൊല്ലുന്നതിനേക്കാൾ പാപമെന്ന് യുക്തിയുക്തം ഗുരു പ്രബോധിപ്പിക്കുന്നു. കൊല്ലുന്നവന് എവിടെയും ആശ്രയമോ ശരണ്യതയോ ഇല്ലെന്നും വെളിപ്പെടുത്തുന്നു.

അനുകമ്പയും ആണ്ടവനും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഈശ്വരന്റെ യഥാർത്ഥസ്വരൂപമെന്തെന്ന് നാം നേരത്തേ കണ്ടുകഴിഞ്ഞു. അകവും പുറവും തിങ്ങിവിളങ്ങുന്ന അപ്രമേയമായ മഹിമാവാണീശ്വരൻ. ആ ഈശ്വരനെ അറിയുന്നവൻ എല്ലാറ്റിലും ഈശ്വരചൈതന്യത്തെത്തന്നെ കാണുന്നു. ഈ ദർശനഗരിമകൊണ്ട് അവൻ അനുകമ്പാമൂർത്തിയാകുന്നു. ഇപ്രകാരം സകലചരാചരങ്ങളിലും ഈശ്വരനെ ദർശിച്ച് അനുകമ്പയാണ്ടവനായ ഗുരുചരണങ്ങളിൽ സാഷ്ടാംഗം പ്രണമിക്കാം.





## അഷിത



മീരാഭജൻ

# ശ്യാം പുഞ്ചിരിക്കുന്നു

സഖീ, ശ്യാം പുഞ്ചിരിക്കുന്നു.
അവന്റെ തിളങ്ങുന്ന കണ്ണുകളാൽ
എന്നെ സാകൂതം നോക്കുന്നു.
പുരികക്കൊടികളാണ് അവന്റെ ഞാൺ.
ചെരിഞ്ഞുള്ള നോട്ടമാണ് അമ്പുകൾ.
അവ വന്നെന്റെ ഹൃദയത്തിൽ തറയ്ക്കുന്നു.
മതി, എന്റെ സഖി പറയുന്നു സമാധാനപ്പെടൂ.
നോക്കൂ ഞാനൊരു യന്ത്രം വരച്ച്
നിന്റെ ദേഹത്ത് ഒട്ടിച്ചു തരാം:
ഔഷധസസ്യങ്ങൾ ഇടിച്ചു പിഴിഞ്ഞു
കൊണ്ടു വരാം. പക്ഷേ, നിന്നെ ബാധിച്ചതു
പ്രേമരോഗമെങ്കിൽ ഇത്തരം
മരുന്നുകൾകൊണ്ട് ഫലമില്ല.
സഖീ, ഞാനെങ്ങനെ സ്വയം സമാധാനിക്കും?
ചന്ദനമരച്ചു ഞാൻ പുരട്ടാം,
യന്ത്രത്തിന്റേയും മന്ത്രത്തിന്റേയും
തന്ത്രങ്ങളെ ആശ്രയിക്കാം.
പക്ഷേ ആ മോഹനരൂപം എന്റെ
ഹൃദയത്തിൽ കടന്നു കഴിഞ്ഞു.
എല്ലാം നഷ്ടപ്പെട്ടു കഴിഞ്ഞു.
ശ്യാമമോഹനെ എൻമുന്നിൽ കൊണ്ടു വരൂ.
പുഞ്ചിരിയോടെ ഞാനവനെ
കാത്തുനിൽക്കുന്നു.
എന്റെ ദേഹം കീറിമുറിച്ച് നുറുങ്ങിപ്പോയ
എന്റെ ഹൃദയത്തിനുള്ളിൽ നോക്കുക.
ഗിരിധരന്റെ ദർശനമില്ലാതെ
മീരയ്ക്കീ വീട്ടിലെങ്ങനെ വസിക്കാനാകും?



സ്വാമി സുധി

# ശങ്കരം ലോകശംകരം



**വൈ**ദികദർശനത്തിനും വൈദികസംസ്ക്കാരത്തിനും ഒരു കാലഘട്ടത്തിൽ അപചയം നേരിടേണ്ടിവന്നിട്ടുണ്ട്. വേദസംഹിതകളിൽ നിഹിതമായിരുന്ന യാഗത്തേയും യജ്ഞത്തേയും തെറ്റായി മനസ്സിലാക്കുകയും ആചരിക്കുകയും ചെയ്തതിലൂടെയാണ് വേദത്തിന് ഇത്തരത്തിലൊരു അപഖ്യാതി വന്നുഭവിച്ചത്. മാത്രമല്ല, വൈദികരായ പ്രമാണിമാർ ഭോഗലാലസതയിൽ അധിഷ്ഠിതമായ ഒരു ജീവിതത്തെ ഊട്ടിവളർത്തിക്കൊണ്ടുവരികയും ചെയ്തു. യജ്ഞത്തിൽ ജന്തുഹത്യ പതിവായിത്തീർന്നു. യജ്ഞശിഷ്ടമായ മാംസം യാജ്ഞികന്മാർ ആവോളം ഭുജിച്ചു. സോമയാഗത്തിൽ ഉപയോഗിച്ചുപോന്ന മദ്യം ലഹരിക്കുവേണ്ടി യാജ്ഞികന്മാർ കുടിക്കാൻ തുടങ്ങി. വൈദികസംസ്ക്കാരം ഇങ്ങനെ അഴുകിത്തുടങ്ങിയപ്പോൾ ശ്രീബുദ്ധനാണ് വേദതത്ത്വത്തെ കൂടുതൽ തെളിമയോടെ പുനരാഖ്യാനം ചെയ്ത് അവതരിപ്പിച്ചത്. വർദ്ധമാന മഹാവീരന്റെ ജൈനദർശനവും വേദസാരത്തിന്റെ പരിഷ്കൃതരൂപമായിരുന്നു.

ഭാരതത്തിൽ ശ്രീബുദ്ധൻ ചെലുത്തിയ

സ്വാധീനം അന്യാദൃശമായിരുന്നു. കല, സംഗീതം, തച്ചുശാസ്ത്രം, ഭാഷാശാസ്ത്രം എന്നീ രംഗങ്ങളിലെല്ലാം ബൗദ്ധദാർശനികന്മാർ വ്യക്തിമുദ്ര പതിപ്പിക്കുകയുണ്ടായി. സംസ്കൃതത്തിലെ നിഘണ്ടുവായ അമരകോശം നിർമ്മിച്ച അമരസിംഹൻ ഒരു ബൗദ്ധപണ്ഡിതനായിരുന്നു. നളന്ദ സർവ്വകലാശാലാ ബുദ്ധചിന്തയുടെ പുഷ്ക്കലമായ ഒരു കലാലയമായിരുന്നു. ഭാരതം കൂടുതൽ പ്രബുദ്ധരായ വ്യക്തികളാൽ സമൃദ്ധമായി. ബുദ്ധവിഹാരങ്ങളിൽ ധ്യാനനിമഗ്നരായ സത്യജിജ്ഞാസുക്കൾ ഒന്നിച്ചിരുന്നു. ശ്രീബുദ്ധന്റെ സ്വാധീനം ഭാരതത്തിൽനിന്ന് തിബറ്റിലേക്കും ചൈനയിലേക്കും ജപ്പാനിലേക്കും വ്യാപിക്കുകയുണ്ടായി. വൈദികസംസ്ക്കാരം ബുദ്ധന്റെ പ്രഭാവത്താൽ നിഷ്പ്രഭമായിപ്പോയിരുന്നു. മാത്രമല്ല, ദ്വൈതദർശനമായ സാംഖ്യം, യോഗം, ന്യായം, വൈശേഷികം, മീമാംസ എന്നിവയെല്ലാം തലപൊക്കി വന്നുതുടങ്ങി. വേദത്തിന്റെ കാതലായ ഉപനിഷത്തിൽ പറയുന്ന അദ്വൈതം കാലഹരണപ്പെട്ടുപോയെന്ന സന്ദർഭത്തിലാണ് ശങ്കരാചാര്യർ ഇവിടെ അദ്വൈതദർശനം പുനഃസ്ഥാപിക്കുന്നത്.

എ.ഡി. 788 ലാണ് ശങ്കരാചാര്യരുടെ ജനനം. കേരളത്തിലെ പെരിയാറിന്റെ തീരത്തുള്ള കാലടി എന്ന സ്ഥലത്ത് ശിവഗുരുവിന്റെയും ആര്യാംബയുടെയും മകനായാണ് ശങ്കരൻ ജനിച്ചത്. ശങ്കരന് ഏഴുവയസ്സുള്ളപ്പോൾത്തന്നെ അച്ഛൻ മരിച്ചുപോയി. അമ്മയാണ് ശങ്കരനെ വളർത്തിയത്. ഏഴാമത്തെ വയസ്സിലാണ് ഉപനയനം കഴിഞ്ഞ് വിദ്യാഭ്യാസം ആരംഭിച്ചത്. പതിനാറ് വയസ്സായപ്പോഴേക്കും സർവ്വശാസ്ത്രങ്ങളിലും പാരംഗതനായിത്തീർന്നു. അപ്പോൾത്തന്നെ ഗീതയ്ക്കും ഉപനിഷത്തിനും ബ്രഹ്മസൂത്രങ്ങൾക്കും ഭാഷ്യങ്ങൾ ചമയ്ക്കാൻ തുടങ്ങി. അപ്പോ



ഴേക്കും സന്ന്യാസാഭിവാഞ്ഛ ശങ്കരനിൽ തീക്ഷ്ണമായിത്തുടങ്ങി. അമ്മയുടെ പൂർണ്ണസമ്മതത്തോടെ സന്ന്യസിക്കണമെന്നായിരുന്നു ശങ്കരന്റെ ആഗ്രഹം. ഒരു ദിവസം അമ്മയുടെകൂടെ പെരിയാറിൽ കുളിക്കുവാൻ ശങ്കരൻ പോയി. നദിയിൽ മുങ്ങിക്കുളിക്കുന്നതിനിട

യിൽ ഒരു മുതല ശങ്കരന്റെ കാലിൽ വലിച്ചുകടിക്കാൻ തുടങ്ങി. ശങ്കരൻ ഉറക്കെ കരഞ്ഞു. "അമ്മേ....അമ്മേ.... എന്നെ ഒരു മുതല കടിച്ചുവലിച്ചുകൊണ്ടുപോവുകയാണ്. ഞാൻ മരിക്കാൻ പോകുന്നതിനു മുമ്പെങ്കിലും ഒരു സന്ന്യാസിയായി മരിക്കുവാൻ അമ്മ എന്നെ അനുഗ്രഹിക്കണം." മകന്റെ ദീനവിലാപം കേട്ടപ്പോൾ അമ്മയുടെ മനസ്സലിഞ്ഞു. അമ്മ പൂർണ്ണസമ്മതം കൊടുത്തു. അപ്പോൾത്തന്നെ മുതല കാലിലെ കടിവിട്ടു. ഒരു അപകടസന്ധിയിൽവച്ച് സന്ന്യാസം വരിക്കുമ്പോൾ അതിനെ 'ആപത്സന്ന്യാസം' എന്നു പറയും. ശങ്കരനെ മുതല കടിച്ചുവലിച്ചത് ചരിത്രവസ്തുത ആയിരുന്നോ അതോ എന്തെങ്കിലും പ്രതീകാത്മകതയായിരുന്നോ? സംസാരത്തെ മുതലയുടെ കടിയോട് ഉപമിക്കുന്നത് ഭാരതത്തിലെ ദാർശനികസമ്പ്രദായത്തിൽ ഒരു പതിവുശൈലിയാണ്. കാരണം മുതല കടിച്ചാൽ വിട്ടുകിട്ടാൻ പ്രയാസമാണ്. അതുപോലെ തന്നെ സംസാരനക്രത്തിന്റെ കടിയിൽനിന്നും പുറത്തുകടക്കാനാകാതെ പിടയ്ക്കുന്ന മനുഷ്യരാണ് ഈ ലോകത്തിലെ എല്ലാവരും. ആ കടിയിൽനിന്നും മുക്തരാകുന്നവർ അപൂർവ്വം ചില ധീരന്മാർ മാത്രമാണ്. ഒരു ശങ്കരനോ ഒരു ശ്രീബുദ്ധനോ ഒരു ക്രിസ്തുവോ ഒരു നാരായണഗുരുവോ മാത്രം.

സന്ന്യസിക്കാനുള്ള സമ്മതം കിട്ടിയ ശങ്കരൻ ഒരു ഗുരുവിനെ അന്വേഷിച്ചു യാത്ര തിരിച്ചു. ബദരികാശ്രമത്തിൽ താമസിച്ചിരുന്ന ഗോവിന്ദപാദാചാര്യരെ കണ്ട് ഗുരുവിനെ പ്രണമിച്ചു. അപ്പോൾ ഗുരു ചോദിച്ചു: "നീ ആരാണ്?" അപ്പോൾ ശങ്കരന്റെ മറുപടി, "അല്ലയൊ ആദരണീയനായ ഗുരോ, ഞാൻ അഗ്നിയോ വായുവോ അല്ല. ഭൂമിയോ വെള്ളമോ അല്ല. സർവ്വനാമരൂപങ്ങളിലും അന്തര്യാമിയായി വസിക്കുന്ന അമൃതനായ ആത്മാവാണ് ഞാൻ." ശിഷ്യന്റെ മറുപടി കേട്ടപ്പോൾ ഗുരുവിനു സന്തോഷമായി. ശാസ്ത്രങ്ങളെല്ലാം ഗുരുവിൽനിന്നും പഠിച്ചതിനു ശേഷം ബനാറസിലേക്കു പോയി. അവിടെവച്ച് ഭാഷ്യങ്ങളെല്ലാം എഴുതിത്തീർത്തു.

അദ്വൈതദർശനത്തിന്റെ വക്താവും പ്രോക്താവുമായി സ്വയം ഉണർന്ന ശങ്കരൻ ഭാരതത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ അദ്വൈതദർശനത്തിന്റെ സംസ്ഥാപനത്തിനായി യാത്ര ചെയ്തു. അന്ന് ഭാരതത്തിൽ നിലവിലുള്ള വിഭാഗീയദർശനങ്ങളുമായി സംവാദത്തിൽ ഏർപ്പെട്ടു. പലരേയും അദ്വൈതത്തിന്റെ മഹിമയും പൂർണ്ണതയും ബോദ്ധ്യപ്പെടുത്തി. ചിലർ തങ്ങളുടെ സമ്പ്രദായങ്ങളെ വലിച്ചെറിഞ്ഞ് ശങ്കരന്റെ പിൻഗാമികളായി മാറി. ശങ്കരാചാര്യരുമായി ഏറ്റുമുട്ടി പരാജയപ്പെട്ടവരിൽ ഭട്ടഭാസ്ക്കരനും ശ്രീഹർഷനും അഭിനവഗുപ്തനും മുരാരിമിശ്രയും ഉദയനാചാര്യനും ധർമ്മഗുപ്തനും കുമരിലഭട്ടനും പ്രഭാകരനും പെടും.

മീമാംസകരിൽ പ്രമുഖനായ മണ്ഡനമിശ്രനുമായി നടത്തിയ സംവാദം ഏറെ പ്രകീർത്തിക്കപ്പെട്ട ഒന്നാണ്. മണ്ഡനമിശ്രൻ മഹിഷ്മതി രാജസദസ്സിലെ പണ്ഡിതനാണ്. കർമ്മകാണ്ഡത്തിന്റെ വക്താവായതുകൊണ്ട് സന്ന്യാസിമാരെ അദ്ദേഹത്തിനു പുച്ഛമായിരുന്നു. ഒരു ശ്രാദ്ധകർമ്മം ചെയ്യുന്നതിനിടയിലായിരുന്നു ശങ്കരാചാര്യർ മണ്ഡനമിശ്രനെ സമീപിച്ചത്. മണ്ഡനമിശ്രൻ അപ്പോൾ കുപിതനായി. രോഷംപൂണ്ട് അദ്ദേഹം ശങ്കരനോട് അമർഷത്തിൽ സംസാരിച്ചു. ശ്രാദ്ധസദ്യയുണ്ണാൻ വന്നിരുന്ന ബ്രാഹ്മണന്മാർ മണ്ഡനമിശ്രനെ സമാധാനിപ്പിച്ചു. മണ്ഡനമിശ്രൻ സ്വസ്ഥനായെന്നു കണ്ടപ്പോൾ ശങ്കരൻ അദ്ദേഹത്തെ സംവാദത്തിനു വിളിച്ചു. ഭാര്യയായ ഭാരതിയാണ് സംവാദത്തിന് മേൽനോട്ടം വഹിച്ചത്. ശങ്കരൻ തോൽക്കുകയാണെങ്കിൽ പെണ്ണുകെട്ടി ഗൃഹസ്ഥാശ്രമിയായിക്കൊള്ളാമെന്നും മണ്ഡനമിശ്രനാണ് തോൽക്കുന്നതെങ്കിൽ സന്ന്യാസിയായിക്കൊള്ളണമെന്നുമായിരുന്നു കരാർ. വാദങ്ങൾ ദിവസങ്ങളോളം നീണ്ടുപോയി. ഭാരതി ഇതൊന്നും കേൾക്കാൻ അവിടെ കുത്തിയിരുന്നില്ല. രണ്ടുപേരുടേയും കഴുത്തിൽ ഒരു പൂമാല ചാർത്തിക്കൊടുത്തു. വാദത്തിൽ പരാജയപ്പെടുന്നവന് പൂമാല ആദ്യം വാടിപ്പോകുമെന്നു പറഞ്ഞു. പതിനേഴു ദിവസം നീണ്ടുവത്രേ ആ സംവാദം. മണ്ഡനമിശ്രന്റെ മാല വാടിപ്പോയി. പരാജയം സമ്മതിച്ച മണ്ഡനമിശ്രൻ സന്ന്യാസിയായി.

ഭാരതി സരസ്വതിയുടെ അവതാരമായിരുന്നു എന്നായിരുന്നു സങ്കല്പം. ഭാരതി ശങ്കരനോടു പറഞ്ഞു: "താങ്കൾ മണ്ഡനമിശ്രനെ പകുതിമാത്രമെ പരാജയപ്പെടുത്തിയിട്ടുള്ളൂ. മറ്റേ പകുതി ഈ ഞാനാണ്. എന്നെയുംകൂടി പരാജയപ്പെടുത്തിയാലേ താങ്കൾ ജയിച്ചുവെന്നു പറയാൻ കഴിയുകയുള്ളൂ." ശങ്കരൻ സ്ത്രീയുമായുള്ള തർക്കത്തിൽനിന്നും ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. ഭാരതി പ്രമാണങ്ങൾ ഉദ്ധരിച്ചുകൊണ്ടുതന്നെ സ്ത്രീകൾ തർക്കത്തിൽ ഏർപ്പെട്ട കാര്യം ശങ്കരനു ബോധ്യപ്പെടുത്തി. ഭാരതിയുമായുള്ള സംവാദം വീണ്ടും പതിനേഴുദിവസങ്ങൾ കടന്നുപോയി. പലപല വിഷയങ്ങളിലൂടെയും അവരുടെ ചർച്ചകൾ കടന്നുപോയി. ശങ്കരൻ അദ്വിതീയനാണെന്നു തിരിച്ചറിഞ്ഞ ഭാരതി അവസാനത്തെ അടവെടുത്തു. ഒരു സന്ന്യാസിയായ ശങ്കരന് സ്ത്രീയുമായുള്ള സംഭോഗത്തിന്റെ ജ്ഞാനം ഉണ്ടാകുകയില്ലല്ലോ. അതുകൊണ്ട് കാമശാസ്ത്രത്തിലേക്കു പ്രവേശിച്ചു. ശങ്കരനു പന്തികേടു തോന്നി. ഒരുമാസത്തെ ഇടവേള തരാൻ പറഞ്ഞു. തിരിച്ച് ബനാറസിൽ ചെന്നു. തന്റെ ലിംഗശരീരത്തെ സ്ഥൂലശരീരത്തിൽനിന്നും വേർപ്പെടുത്തി മരിച്ചുകിടന്നിരുന്ന അമരുകൻ എന്ന രാജാവിന്റെ ശരീരത്തിൽ പ്രവേശിച്ചു. ശങ്കരന്റെ ശരീരം ശിഷ്യന്മാർ

ഒരു മരപ്പൊത്തിൽ സൂക്ഷിച്ചുവച്ചു. ചിതയിൽ കത്തിച്ചുകളയാൻ കൊണ്ടുപോവുകയായിരുന്ന രാജാവ് കണ്ണുതുറന്നെഴുന്നേറ്റു. പ്രജകൾ സന്തുഷ്ടരായി ആഹ്ലാദിച്ചു. എന്നാൽ മുമ്പുണ്ടായിരുന്ന രാജാവിന്റേതിൽനിന്നും വ്യത്യസ്തമായ പെരുമാറ്റവും സ്വഭാവവും ഗുണഗണങ്ങളുമെല്ലാം ഉയർത്തെഴുന്നേറ്റ രാജാവിൽ രാജ്ഞിയും പ്രജകളും അഭിദർശിച്ചു. ആ രാജ്ഞിയിൽനിന്നും ശങ്കരൻ കാമവിദ്യകൾ സ്വായത്തമാക്കി. ഒരു മാസം തികയാറായപ്പോൾ ശങ്കരൻ സ്വശരീരത്തിൽ തിരികെ പ്രവേശിക്കുകയും സംവാദത്തിൽ ഭാരതിയെ പരാജയപ്പെടുത്തുകയും ചെയ്തു.

ശങ്കരാചാര്യരുടെ ജീവചരിത്രത്തിൽ ഈ സംഭവം ഒരുപാട് വിവാദങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഒന്നാമതായി ഒരു സന്ന്യാസിക്ക് സ്ത്രീസുഖം അറിയാത്തതുകൊണ്ട് അയാൾ അപൂർണ്ണനാണെന്ന ധാരണ. ശങ്കരാചാര്യർ പരകായപ്രവേശംചെയ്ത് സ്ത്രീസുഖം അനുഭവിച്ചതുകൊണ്ട് ശങ്കരന്റെ വ്യക്തിത്വത്തിന്റെ മാറ്റ് കുറഞ്ഞുപോയി എന്ന തോന്നൽ. വാസ്തവത്തിൽ ഗുരുക്കന്മാരുടെ ജീവിതവുമായി ബന്ധപ്പെട്ടുവരുന്ന കഥകളെല്ലാം ലോകത്തിനു നൽകുന്ന ചില പ്രതീകാത്മകമായ പാഠങ്ങളാണ്. അവ ചരിത്രപരമായ വസ്തുതകളാകണമെന്നില്ല. മണ്ഡനമിശ്രനുമായുള്ള സംവാദം ചരിത്രപരമായിരിക്കാം. എന്നാൽ മീമാംസകന്മാർ ആരോപിച്ചതായിരിക്കാം ഇക്കഥ.

ഓരോ മനുഷ്യനും പൂർവ്വകർമ്മങ്ങളുടെ സന്തതിയാണെന്നിരിക്കെ കഴിഞ്ഞ ജന്മങ്ങളിൽ അനുഭവിച്ചിട്ടുള്ള വിഷയസുഖങ്ങളെല്ലാം തന്റെ ഇപ്പോഴത്തെ ശരീരമനോസംഘാതത്തിൽ പ്രാരബ്ധ–സഞ്ചിത–ആഗാമി കർമ്മങ്ങളായി വസിക്കുന്നുണ്ടാകാം. ഒരു ജ്ഞാനിക്ക് സഞ്ചിതാഗാമി കർമ്മങ്ങൾ ഇല്ലായിരിക്കാം. എന്നാൽ പ്രാരബ്ധകർമ്മങ്ങൾ



ശരീരം നശിക്കുവോളം നിലനിൽക്കും. ജ്ഞാനിക്ക് ശരീരവുമായി താദാത്മ്യം ഇല്ലെന്നിരിക്കിലും ശരീരത്തിന്റെ തരത്തിലുള്ള ഒരനുഭവത്തെക്കുറിച്ച് ഭാരതി ചോദിച്ചപ്പോൾ തന്റെ പ്രാരബ്ധശരീരത്തിൽ ഒന്നു പരതിനോക്കിയിരുന്നെങ്കിൽ ശങ്കരന് ഒരായിരം രതിവിവരകണക്കുകൾ കിട്ടുമായിരുന്നേനെ. ഇവിടെ

ശങ്കരൻ പരകായപ്രവേശം നടത്തേണ്ടതുണ്ടായിരുന്നില്ല. സ്വകായപ്രവേശം നടത്തിയാൽ മതിയായിരുന്നു. ഇക്കാര്യം ജനിതകശാസ്ത്രജ്ഞന്മാരും സമ്മതിച്ചുതരും.

നാരായണഗുരു ഒരു രതിതന്നെ അഹന്ത ഇന്ദ്രിയാന്തക്കരണകളേബരമെന്നിതൊക്കെയായി വിരിയും എന്ന് പറഞ്ഞിരിക്കുന്നു. രതിയിൽനിന്നാണ് ശരീരവും മനസ്സും ജാതമാകുന്നത്. മനസ്സിന്റേയും ശരീരത്തിന്റേയും ചരിത്രം രതിയുടെ ചരിത്രമാണ്. മഹാന്മാരുടെ കഥകൾ പറയുമ്പോഴും അവയിൽ ചില കഥയില്ലായ്മകൾ ഉണ്ടെന്നുള്ള കാര്യം ആരും ശ്രദ്ധിക്കാറില്ല.

ശങ്കരന്റെ അമ്മയുടെ അസുഖം മൂർച്ഛിച്ചപ്പോൾ മകനെ കാണണമെന്ന് അമ്മ ആഗ്രഹിച്ചു. ജ്ഞാനദൃഷ്ടികൊണ്ട് ശങ്കരൻ അക്കാര്യം അറിഞ്ഞു. ഉടനെ കാലടിയിലേക്കു പുറപ്പെട്ടു. അമ്മ ശയ്യാവലംബിയായിരുന്നു. അമ്മയുടെ പാദങ്ങളിൽ നമസ്ക്കരിച്ചു. അമ്മ മരിച്ചു. ശങ്കരന്റെ അമ്മയുടെ ജഡം സംസ്ക്കരിക്കുവാൻ കാലടിയിലെ നമ്പൂതിരിമാർ തയ്യാറായില്ല. ഒരു സന്ന്യാസിക്ക് എത്ര ഉറ്റ ബന്ധുവിന്റെയായാലും അപരക്രിയകൾ ചെയ്യുന്നത് നിയമപരമായ നിഷേധമായിരുന്നു. സന്ന്യാസി ഞാൻ എന്നും എന്റെ എന്നും പറയുന്ന അഹന്താമമതകളിൽനിന്നും മുക്തനാണ്. എങ്കിലും അമ്മയുടെ ജഡശരീരം വേറെ ആരും സംസ്ക്കരിക്കാതിരുന്നപ്പോൾ ശങ്കരൻതന്നെ തനിയെ ചുമന്നുകൊണ്ടുപോയി ചിതയിൽവച്ചു തീകൊളുത്തി. ലോകം കണ്ട മഹാദാർശനികന് സ്വന്തം കുടുംബക്കാരിൽനിന്നും ഏൽക്കേണ്ടിവന്ന തിക്തത എല്ലാ മഹാന്മാർക്കും അനുഭവിക്കേണ്ടിവന്ന തിരസ്ക്കാരത്തിന്റെ തിക്തത തന്നെയാണ്.

ജൂതജനതയിൽനിന്നും മർദ്ദനവും പീഡനവും ഏറ്റു മരിക്കേണ്ടിവന്ന യേശുക്രിസ്തു. ക്രിസ്തു ഒരിക്കൽ പറഞ്ഞു: "ഒരു പ്രവാചകനും തന്റെ നാട്ടിലും വീട്ടിലും ഒരിക്കലും ആദരിക്കപ്പെട്ടിട്ടില്ല." ശങ്കരാചാര്യരും സ്വന്തം നാട്ടിൽ ഒരു പ്രവാസിയെപ്പോലെ ബഹിഷ്കരിക്കപ്പെട്ടവനാണ്. ഭാരതത്തിന്റെ വടക്കേയറ്റമായ ഹിമാലയസാനുക്കളിൽ എവിടെയെങ്കിലും പോയി നാം ശങ്കരാചാര്യരുടെ പേരൊന്ന് ഉച്ചരിച്ചാൽമതി അവിടെ ഉള്ളവരുടെ ഉള്ളം ബഹുമാനം കൊണ്ട് വിനമ്രമാകുന്നതു കാണാം. ശങ്കരാചാര്യരുടെ ജീവിതം ഭാരതത്തിൽ ഉപനിഷത്തിന്റെ സാരമായ അദ്വൈതത്തെ പുനഃപ്രതിഷ്ഠിക്കാൻവേണ്ടി ഉള്ളതായിരുന്നു. ആചാര്യർ ഭാരതത്തിന്റെ നാല് അതിരുകളിൽ നാല് ആശ്രമങ്ങൾ സ്ഥാപിച്ചു. അവയിലൂടെ അദ്വൈതത്തിന്റെ പൂമ്പൊടി വിതറി ഭാരതീയസംസ്ക്കാരത്തെ സുരഭിലമാക്കി. അദ്വൈതത്തിനുനേരെ പ്രതിയോഗികളായി വന്നവരെയെല്ലാം ജ്ഞാനത്തിന്റെ തെളിമകൊണ്ട് സ്വവശഗനാക്കിമാറ്റി. അതുകൊണ്ട് ശങ്കരൻ ശങ്കരഭഗവദ്പാദരും ശങ്കരാചാര്യരും മഹാഗുരുവുമായി ഇന്ന് നമ്മുടെ ഹൃദയങ്ങളിലെല്ലാം പരിലസിക്കുന്നു.

നിമ്യ സലിംകുമാർ



# നാദോപാസകൻ ത്യാഗരാജസ്വാമികൾ



തമിഴ്നാട്ടിലെ തിരുവയ്യാറിൽ ഏകദേശം രണ്ട് ശതാബ്ദങ്ങളായി നടത്തിവരാറുള്ള ത്യാഗരാജസംഗീതോത്സവത്തെക്കുറിച്ച് കേൾക്കാത്ത സംഗീതപ്രേമികൾ വളരെ കുറവാണ്. കർണ്ണാടകസംഗീതത്തിലെ ത്രിമൂർത്തികളിൽ ഒരാളായ ത്യാഗരാജസ്വാമികളുടെ സമാധിസ്ഥലമാണ് അവിടം. ശുദ്ധസംഗീതത്തെ സ്നേഹിക്കുന്നവരുടെ മനസ്സിൽ ഇത്രയും കീർത്തിയും ആദരവും നേടിയെടുത്ത മറ്റൊരു സംഗീതജ്ഞൻ ഇല്ലെന്നു തന്നെ പറയാം. കർണ്ണാടകസംഗീതത്തിന് അദ്ദേഹം നൽകിയ സംഭാവനകൾ അമൂല്യങ്ങളാണ്. അദ്ദേഹത്തിന്റെ കൃതികൾ കവിഭാവനയുടെയും സാഹിത്യഭംഗിയുടെയും സംഗീതമാധുരിയുടെയും ഉന്നതമായ ജീവിതവീക്ഷണഗതിയുടേയും സമ്മേളനമാണ്.

1767 ൽ തഞ്ചാവൂർജില്ലയിലെ തിരുവാരൂർ എന്ന സ്ഥലത്താണ് ത്യാഗരാജസ്വാമികൾ ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവായ രാമബ്രഹ്മം മഹാപണ്ഡിതനും പരമഭക്തനും ആയിരുന്നു. സ്വാമികളുടെ അമ്മ സീതമ്മ നല്ലൊരു സംഗീതവിദുഷിയായിരുന്നു. ബാല്യ

കാലത്തുതന്നെ സംഗീതത്തിൽ താത്പര്യം പ്രകടിപ്പിച്ച മകനെ രാമബ്രഹ്മം, സോന്തിവീണാവെങ്കടരമണദാസ് എന്ന സംഗീതനിപുണന്റെ അടുക്കൽ സംഗീതാഭ്യസനത്തിന് അയച്ചു. ശിഷ്യന്റെ അനിതരസാധാരണമായ സംഗീതവാസനയിൽ സന്തുഷ്ടനായ ഗുരു വളരെ ചുരുങ്ങിയ കാലംകൊണ്ട് തനിക്കറിയാവുന്നതെല്ലാം ശിഷ്യനെ പഠിപ്പിച്ചു. സംസ്കൃതം, തെലുങ്ക് എന്നീ ഭാഷകളിലും ജ്യോതിഷം, ഗണിതം എന്നീ വിഷയങ്ങളിലും സ്വാമികൾക്ക് നല്ല പാണ്ഡിത്യം ഉണ്ടായിരുന്നു. സംഗീതശാസ്ത്രത്തെക്കുറിച്ച് അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന ഗ്രന്ഥങ്ങളെല്ലാംതന്നെ അദ്ദേഹം ഹൃദിസ്ഥമാക്കുകയും ആ വിജ്ഞാനശേഖരത്തിന്റെ സഹായത്തോടെ വിവിധരാഗങ്ങളിൽ അർത്ഥവത്തായ കീർത്തനങ്ങൾ രചിക്കുകയും ചെയ്തു.

തികഞ്ഞ ഒരു ശ്രീരാമഭക്തനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ കൃതികൾ ഭൂരിഭാഗവും ശ്രീരാമചന്ദ്രനെ സ്തുതിച്ചുകൊണ്ടുള്ളവയാണ്. ഭക്തിയേയും തത്ത്വചിന്തയേയും വ്യഞ്ജിപ്പിക്കുന്നതാണ് അദ്ദേഹത്തിന്റെ കൃതികൾ. അദ്ദേഹം രചിച്ച ദിവ്യനാമസങ്കീർത്തനങ്ങൾപോലുള്ള സംഗീതരൂപങ്ങൾ സംഗീതത്തിലും സാഹിത്യത്തിലും ലളിതമായതിനാൽ ഭജനകളിൽ പാടിവരുന്നു. നൗകാചരിതം, പ്രഹ്ലാദഭക്തിവിജയം തുടങ്ങിയ ഗാനനാടകങ്ങളും (opera) അദ്ദേഹം രചിച്ചിട്ടുള്ളവയാണ്. താൻ സന്ദർശിച്ചിട്ടുള്ള എല്ലാ ക്ഷേത്രങ്ങളിലേയും ദേവതകളെക്കുറിച്ച് അദ്ദേഹം പാടിയിട്ടുണ്ട്. ഓരോ സന്ദർഭങ്ങളിൽ തന്റെ മനസ്സിലുദിക്കുന്ന തത്ത്വങ്ങളെയാണ് അദ്ദേഹം കൃതിരൂപത്തിൽ പുറത്തുകൊണ്ടുവരാറുള്ളത്. ത്യാഗരാജസ്വാമികളുടെ കൃതികളിലെ ഏറ്റവും വലിയ സവിശേ



ഷത അവയിലെ 'ഭാവം' തന്നെയാണ്. ഓരോ കൃതികൾക്കും അദ്ദേഹം തിരഞ്ഞെടുക്കുന്ന രാഗം അതിലെ സാഹിത്യത്തിന്റെ ഭാവത്തെ പ്രോജ്ജ്വലിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു.

മാർഗ്ഗഹിന്ദോളം എന്ന രാഗത്തിൽ അദ്ദേഹം രചിച്ച 'ചലമേലറാ സാകേതരാമാ' എന്ന കൃതിയിൽ തന്നോട് അതൃപ്തിയോ ദേഷ്യമോ തോന്നരുതേ എന്ന് ശ്രീരാമദേവനോട് യാചിക്കുക

യാണ് അദ്ദേഹം ചെയ്യുന്നത്. ധന്യാസി രാഗത്തിൽ രചിച്ചിട്ടുള്ള 'സംഗീതജ്ഞാനമു ഭക്തിവിനാ' എന്ന കൃതിയിൽ ഭക്തിയില്ലാതെ സംഗീതമില്ല എന്നു സ്ഥാപിച്ചിരിക്കുകയാണ് അദ്ദേഹം.

മഹത്തായ ഒരു ജീവിതതത്ത്വശാസ്ത്രം അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഉന്നതമായ ആദർശങ്ങൾക്കനുസരിച്ചു ജീവിക്കാൻ ശ്രമിക്കാത്തവരെ അദ്ദേഹം തന്റെ കൃതികളിലൂടെ കുറ്റപ്പെടുത്തി.

ഒരിക്കൽ തഞ്ചാവൂരിലെ ശരഭോജിമഹാരാജാവ് തന്നെ പ്രകീർത്തിച്ചുകൊണ്ട് ഗാനങ്ങൾ പാടണമെന്ന് ത്യാഗരാജസ്വാമികളോട് ആവശ്യപ്പെട്ടു. സ്വാമികൾ ആ ആവശ്യം നിരസിക്കുകയും രാജാവിന്റെ അഹങ്കാരത്തിനു മറുപടിയായി ഒരു കീർത്തനം രചിക്കുകയും ചെയ്തു. അഹങ്കാരിയായ ഒരു മനുഷ്യനെ സ്തുതിക്കുന്നതോ അതോ രാമനെ സ്തുതിക്കുന്നതോ ഏതാണ് നിനക്കു സുഖം എന്ന് സ്വന്തം ഹൃദയത്തോടുതന്നെ ചോദിക്കുന്ന കല്യാണി രാഗത്തിലവുള്ള 'നിധിച്സാലസുഖമാ' എന്ന പ്രശസ്തമായ കൃതിയാണ് അത്.

കർണ്ണാടകസംഗീതത്തിന് അദ്ദേഹം നൽകിയ മറ്റൊരു വലിയ സംഭാവനയാണ് പഞ്ചരത്നകൃതികൾ. അഞ്ച് കൃതികൾവീതം അടങ്ങുന്ന ഗാനസമാഹാരത്തെയാണ് ഇവിടെ പഞ്ചരത്നം എന്ന് സൂചിപ്പിച്ചിരിക്കുന്നത്. ഘനരാഗപഞ്ചരത്നം, തിരുവട്ടിയൂർ പഞ്ചരത്നം, കോവൂർ പഞ്ചരത്നം, ലാൽഗുഡി പഞ്ചരത്നം എന്നിവ ഉദാഹരണങ്ങളാണ്. ഇവിയിൽ ഘനരാഗങ്ങളായ നാട്ട, ഗൗള, ആരഭി, വരാളി, ശ്രീരാഗം എന്നിവയിൽ ചിട്ടപ്പെടുത്തിയ പഞ്ചരത്നകൃതി ഇന്നും വളരെ പ്രചാരമുള്ളവയാണ്. ശ്രീരാഗ



ത്തിലെ 'എന്തരോ മഹാനുഭാവലു' എന്ന കൃതി മഹാസംഗീതജ്ഞനായിരുന്ന ഷഡ്കാലഗോവിന്ദമാരാരെ പ്രശംസിച്ചുകൊണ്ട് എഴുതിയതാണ്. പ്രശസ്തമായ സംഗീതോത്സവങ്ങളിൽ എല്ലാംതന്നെ സ്വാമികളുടെ ഘനരാഗപഞ്ചരത്നാലാപനം ഒരു അവിഭാജ്യഘടകമാണ്.

പ്രതാപവരാളി, ദീപിക, ഗുണ്ടക്രിയ തുടങ്ങി അധികമാർക്കും പരിചിതമല്ലാതിരുന്ന രാഗങ്ങളെ

പ്പോലും അദ്ദേഹം ഉണർത്തിയെടുത്തു. ഒരേ രാഗത്തിൽ അദ്ദേഹം രചിച്ച കൃതികൾക്കെല്ലാംതന്നെ അത്ഭുതകരമായ വ്യക്തിത്വമുണ്ട്. അദ്ദേഹം അവസാനം രചിച്ച പരമാത്മുഡു വെലികേ എന്ന വാഗധീശ്വരി രാഗത്തിലുള്ള കീർത്തനം അദ്ദേഹത്തിനു ലഭിച്ച ഈശ്വരസാക്ഷാത്ക്കാരത്തിന്റെ ഏറ്റവും വലിയ സൂചനയാണ്.

നിരവധി ശിഷ്യസമ്പത്തിനുടമയായ അദ്ദേഹം തന്റേയും ശിഷ്യന്മാരുടേയും ഉപജീവനം കഴിക്കുന്നതിനായി ഉഞ്ഛവൃത്തി (ഉതിർമണി പെറുക്കി) നടത്തിയിരുന്നു. ഈശ്വരസാക്ഷാത്ക്കാരം നേടിയ ഒരാളായിട്ടാണ് ശിഷ്യർ അദ്ദേഹത്തെ കരുതിയിരുന്നത്. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ശ്രീരാമഭക്തിപോലും സംഗീതോപാസനയുടെ മറ്റൊരു രൂപമായിരുന്നു. വീണാ കുപ്പയ്യർ, സുബ്ബരായ ശാസ്ത്രി, മാനംപൂച്ചാവടി വെങ്കിടസുബ്ബയ്യർ, ഗോവിന്ദശിവൻ, അമൃതലിംഗം പിള്ള, വലജ്പ്പെട്ട വെങ്കടരാമഭാഗവതർ, ഉമയാൾപുരം കൃഷ്ണഭാഗവതർ എന്നിവർ ത്യാഗരാജസ്വാമികളുടെ പ്രശസ്തശിഷ്യന്മാരായിരുന്നു.

ത്യാഗരാജസ്വാമികളുടെ ചില പ്രശസ്തകൃതികൾ

| കൃതി | രാഗം | താളം |
|---|---|---|
| ഘനരാഗപഞ്ചരത്നം | നാട്ട,ഗൗള,ആരഭി,<br>വരാളി, ശ്രീരാഗം. | ആദിതാളം |
| ഏമിജേസിതേ നേമി | തോഡി | മിശ്രചാപ്പ് |
| പക്കാലനിലബട്ടി | ഖരഹരപ്രിയ | മിശ്രചാപ്പ് |
| ദ്വൈതമു സുഖമാ? | രീതിഗൗള | ആദിതാളം |
| ഏതാവുനറാ | കല്ല്യാണി | ആദിതാളം |
| ശിവശിവശിവയെനരാദാ | പന്തുവരാളി | ആദി |
| രാമനന്നു ബ്രോവറാ | ഹരികാംബോജി | രൂപകം |
| സംഗീതജ്ഞാനമു | ധന്യാസി | ആദി |
| തത്വമെറുകതരമാ | ഗരുഡധ്വനി | രൂപകം |
| വേണുഗാനലോലുനി | കേദാരഗൗള | രൂപകം |
| ശാന്തമുലേക | സാമ | ആദിതാളം |
| ഭണ്ഡുരീതി | ഹംസനാദം | ആദിതാളം |
| ഇന്തസൗഖ്യമനിനേ | കാപ്പി | ആദി |
| രഘുനായകാ | ഹംസധ്വനി | ആദി |
| സുഖിയെവ്വരോ | കാനഡ | ആദി |
| നേനെന്തു വദകുതുറാ | കർണാടകബിഹാഗ് | ആദി |
| പരമാത്മുഡു വെലികേ | വാഗധീശ്വരി | ആദി |

കെ പി രമേഷ്



# കലയിലെ പരിണാമം



കല എന്നത് ഒരു പ്രത്യേക കാലഘട്ടത്തിൽ ഉറച്ചുനിൽക്കുന്ന ഒന്നല്ല. നിലവിലുള്ള കാലത്തോടു വിമർശനാത്മകമായി സംവദിച്ചുകൊണ്ടുതന്നെ കാലാതിവർത്തിയായി നിലനിൽക്കേണ്ടതാണ് ഒരു നല്ല കലാസൃഷ്ടിയുടെ മുഖമുദ്ര. കലാസൃഷ്ടിയുടെ ബാദ്ധ്യതയും അതാണ്. ലിയനാർഡോ ഡാവിഞ്ചി ഇപ്പോഴും ചർച്ചചെയ്യപ്പെടുന്നതിനുള്ള ഒരു വലിയ കാരണം അദ്ദേഹത്തിന്റെ കല ഈ കാലഘട്ടത്തിലേക്കും നീണ്ടുവരുന്നുണ്ട് എന്നതുകൊണ്ടാണ്. മൊണാലിസയ്ക്ക് മീശ വച്ചുകൊടുത്ത സാൽവദോർ ദാലി വാസ്തവത്തിൽ ഡാവിഞ്ചിയെ സറീയലിസംകൊണ്ടു പൂരിപ്പിക്കുകയായിരുന്നു. എഡ്വേഡ് മാനേയുടെ " പുൽത്തകിടിയിലെ ഉച്ചഭക്ഷണം" എന്ന വിവാദചിത്രത്തിന് പിൽക്കാലത്ത് നിരവധിപേർ പെയിന്റിങ്ങിലൂടെ തന്നെ ഭാഷ്യം ചമച്ചു. ഡാവിഞ്ചിയുടെ "അവസാനത്തെ അത്താഴം" എന്ന ചിത്രത്തെ എമിൽ നോൾദ് മറ്റൊരു മന:സ്ഥിതിയിൽ ആവിഷ്കരിച്ചു. ഇതേ ചിത്രം സമീപകാലത്ത് വിവാദമായത് ഡാൻ ബ്രൗണിന്റെ നോവലിലൂടെയാണ്.



ഓട്ടോ ഡിക്സ്, വാൾട്ടർ ജേക്കബ് തുടങ്ങിയ ജർമൻ എക്സ്പ്രഷനിസ്റ്റുകൾ പണ്ട് ഡാവിഞ്ചിയെ മാറ്റിവരച്ചിരുന്നു. ഇപ്പോൾ ഫ്രാൻസിസ് കോടങ്കണ്ടത്ത് ഡാവിഞ്ചിയുടെ കോഡിനെ മറ്റൊരു കാലത്തിൽവച്ച് വ്യാഖ്യാനിക്കുന്നു. ക്രൂശിതനായ ക്രിസ്തുവിനെ ദെലക്രോയിയും എൽ ഗ്രെക്കോയും മത്തീസ് ഗ്രൂൻവാൾഡും വരച്ചതിൽനിന്നും വിഭിന്നമായി രണ്ടു വഴികളിലൂടെ ദാലിയും പോൾ ഗോഗിനും വരച്ചപ്പോൾ അത് ക്രിസ്തു നടന്ന വഴികൾ മാത്രമല്ല, മഹാന്മാരായ ആ ചിത്രകാരന്മാർ നടന്ന കലാവഴികളെക്കൂടി കാണിച്ചുതന്നു.

കലയിലെ പരിണാമമെന്നത് അടിസ്ഥാനപരമായി കലാകാരന്റെ പരിണാമംതന്നെയാണ് എന്നു മേൽപ്പറഞ്ഞ ഉദാഹരണങ്ങൾ തെളിയിക്കുന്നു. ആഫ്രിക്കൻ ഗോത്രജീവിതത്തെ അടുത്തറിഞ്ഞതാണ് പിക്കാസോവിന്റെ കലാജീവിതത്തെ മാറ്റിമറിച്ചത്. രബീന്ദ്രനാഥ് ടാഗോർ സന്താളുകളുടെ ഗോത്രപ്പെരുമ തൊട്ടറിഞ്ഞു, ഓസ്ട്രേലിയൻ അബോറിജനുകളുടെ സത്ത സിഡ്നി നൊളാൻ സ്വാംശീകരിച്ചു, പോൾ ഗോഗിൻ താഹിതീദ്വീപിലെ മനുഷ്യജീവിതത്തെ കൂടെ കൂട്ടിക്കൊണ്ടുപോയി.. തന്റെ പരിമിതമായ ചുറ്റുപാടുകളെ ഭേദിച്ച് ലോകത്തിന്റെ തുറസ്സിലേക്കു പോവുമ്പോഴാണ് കലയിൽ വിപ്ലവമുണ്ടാവുക എന്ന് രവിവർമ്മയുടെ കാലം മുതൽ കേരളീയ ചിത്രകല നമ്മെ നിരന്തരം ബോദ്ധ്യപ്പെടുത്തുന്നുണ്ട്. ഈജിപ്ഷ്യൻ ഹൈറോഗ്ലിഫിക്സ് പോൾ ക്ലീയെയും, പേർഷ്യൻ പരവതാനികൾ ഹെൻറി മത്തീസെയെയും, ഗൗഡിയാലോഹാറികളുടെ ആത്മസത്ത എ രാമചന്ദ്രനെയും, മധ്യപ്രദേശിലെ ഗോത്ര



കല ജെ സ്വാമിനാഥനെയും പുതു ക്കിപ്പണിതുവെന്നു പറയുന്നത് കലയിലെ പരിണാമത്തിന്റെ അടി സ്ഥാനത്തിലാണ്.

താവോയിസവും ബുദ്ധസൂക്ത ങ്ങളും ഹൃദിസ്ഥമാക്കിക്കൊ ണ്ടാണ് മാവോ സേ തുങ് തന്റെ പ്രഭാഷണപര്യടനങ്ങൾ നടത്തി യത് എന്നത് നമ്മളൊക്കെ സൗക ര്യപൂർവ്വം വിസ്മരിക്കുന്ന ഒരു വസ്തുതയാണ്! പക്ഷേ, ഇപ്പോൾ മാവോയിസത്തെ താവോദർശന ത്തോടു ബന്ധപ്പെടുത്തി വായി ക്കേണ്ടി വന്നിരിക്കുന്നു. പണ്ടത്തെ ഒരു കാഴ്ചപ്പാടനുസരിച്ച്, കാൾ മാർക്സും കാൾ പോപ്പറും വിരു ദ്ധധ്രുവങ്ങളിലായിരുന്നു. എന്നാൽ, പുതിയ കലയും പരിസ്ഥിതിചി ന്തയും ഉദ്ബോധിപ്പിക്കുന്നത് മാർക്സിനെയും കാൾ പോപ്പറി നെയും ഇണക്കുവാനാണ്. നാം ജീവിക്കുന്ന ഈ കാലഘട്ടം അത് ആവശ്യപ്പെടുന്നു.



ജ്യാമിതി (geometry) പലയിടത്തും പല രീതിയി ലാണ് സ്വീകരിക്കപ്പെട്ടത്. ഭാരതീയരും പാശ്ചാത്യരും ദർശനവ്യത്യാസംകൊണ്ടുത ന്നെയാണ് ഇത് പ്രയോഗ ത്തിൽ വരുത്തിയത് എന്ന കാര്യത്തിൽ തർക്കമില്ല. പോൾ ക്ലീയും കാന്റിൻ സ്കിയും മറ്റും ഡയലക്ടിക്കലായി ആവിഷ്കരിച്ച ജ്യാമിതിയും, കെ. വി. ഹരിദാസനും അക്കിത്തം നാരായണനും മറ്റും താന്ത്രിക് രീതിയിൽ ആവിഷ്കരിച്ച ജ്യാമി തിയും വ്യത്യസ്തമാവുന്നത് ഇങ്ങ നെയാണ്.

യഥാ ദീപോ നിവാതസ്ഥോ നേംഗതേ സോപമാ സ്മൃതാ
യോഗിനോ യതചിത്തസ്യ യുഞ്ജതോ യോഗമാത്മനഃ.

ഭഗവദ്ഗീത – 6–19

കാറ്റില്ലാത്തിടത്തു കത്തിജ്വലിക്കുന്ന ദീപം എപ്രകാരമാണോ ചലിക്കാതെ പ്രകാശിക്കുന്നത്, ആത്മാവിൽ എത്തിച്ചേർന്നു സുഖിക്കുന്ന യോഗിയുടെ ഏകാഗ്രചിത്തത്തിന് അതു ദൃഷ്ടാന്തമായി കരുതാം.

സ്വാമി സുധി

# വേദാന്തത്തിന്നൊരു സ്കൂൾ



ചോദ്യം : വേദാന്തം ദൈവത്തെ നിഷേധിക്കുന്നോ അതോ ദൈവത്തെ സ്വീകരിക്കുന്നോ ?

ഉത്തരം : വേദാന്തം ഈ ചോദ്യത്തിന് ഉത്തരം പറയുന്നത് ഈ രീതിയിലാണ്. ഓരോരുത്തരിലും ദൈവത്തെക്കുറിച്ചുള്ള വിവക്ഷകൾ ഓരോ തരത്തിലാണ്. അതുകൊണ്ട് ആദ്യമേ നമ്മൾ അറിയേണ്ടത്, ഏത് അർത്ഥത്തിലാണ് ഒരാൾ ദൈവമെന്ന വാക്ക് പ്രയോഗിക്കുന്നത് എന്നാണ്. അങ്ങനെ നോക്കുമ്പോൾ വേദാന്തം ദൈവത്തെ സത്യമായി മനസ്സിലാക്കുന്നു. ജ്ഞാനമായി അനുഭവിക്കുന്നു. ആനന്ദമായി അഭിരമിക്കുന്നു. ദൈവം ഒരു പ്രതീകമോ ചിഹ്നമോ വിഗ്രഹമോ സങ്കല്പമോ ഒന്നുമല്ല. സ്വാത്മസത്തയാണ്. നാരായണഗുരു ആ സത്തയെ അറിവെന്നും ആത്മാവെന്നും വെളിയെന്നും പൊരുളെന്നും പല പേരുകളിൽ വിളിക്കുന്നുണ്ട്. പേര് എന്തൊക്കെ വിളിച്ചാലും പൊരുളിലാണ് പ്രാധാന്യം. പേരിൽ പൊരുളില്ലാതെ വരുമ്പോൾ മതങ്ങളിൽ ദുർഗന്ധം വ്യാപിക്കാൻ തുടങ്ങുന്നു. പേരിൽ പൊരുളില്ലാതെ വന്നപ്പോഴാണ് നീഷേ, ദൈവം മരിച്ചുപോയതായി വിലപിച്ചത്. വേദാന്തത്തിന്റെ ദൈവം നമ്മിൽ ജനിക്കുന്നതിനുമുമ്പ് നമ്മിലെ അല്പവിശ്വാസങ്ങളുടെ ദൈവം മരിക്കേണ്ടതുണ്ട്.

ചോദ്യം : ഇതൊക്കെ കേൾക്കുമ്പോൾ എന്തോ ആശ്വാസം തോന്നുന്നു. വേദാന്തത്തിന് എങ്ങനെയാണ് ഇത്രയും തെളിമയുള്ള സമീപനം കൈവന്നത് ?

ഉത്തരം : വേദാന്തം ഭാരതത്തിൽ മാത്രമല്ല ഉള്ളത്. വേദാന്തം സാർവ്വത്രികമായ അനുഭവയാഥാർത്ഥ്യമാണ്. സോക്രട്ടീസിനും പൈഥഗോറസിനും മുഹമ്മദിനും ജലാലുദ്ദീൻ റൂമിക്കും അത്തറിനും റബിയായ്ക്കും സെന്റ് തെരേസായ്ക്കും കുരിശിന്റെ യോഹന്നാനും അസീസിയിലെ ഫ്രാൻസിസിനും ഒക്കെ ബോധ്യപ്പെട്ടിട്ടുള്ളതാണിത്. ശങ്കരനും മധ്വനും രാമാനുജനും അതിനെ പുനർമൂലീകരണം നടത്താൻ ശ്രമിച്ചു. ആധുനികകാലത്ത് രമണമഹർഷിയും നാരായണഗുരുവും രാമകൃഷ്ണപരമഹംസരും വേദാന്തത്തിന്റെ അനുഭവസാക്ഷ്യങ്ങളായി നിലകൊണ്ടു. ഇവരുടെ ജ്ഞാനം പാണ്ഡിത്യത്തിന്റെ പ്രകടനമല്ല. ഉള്ളിൽ വെളിച്ചം വീശിയപ്പോൾ അവരുടെ വാക്കുകളിൽ അതിന്റെ തെളിമ സ്വാഭാവികമായി പരിലസിച്ചു. വേദാന്തത്തിന്റെ സമീപനം ബുദ്ധിപരമായി നിർമ്മിച്ചെടുത്ത തെളിമയല്ല. അത് ആനുഭൂതികതയുടെ സഹജമായ തെളിമയാണ്. അതില്ലാത്തവന് വേദാന്തം വശഗമാവുകയില്ല.

ചോദ്യം : സാധാരണക്കാരായ ആളുകൾക്ക് വേദാന്തശ്രവണംകൊണ്ടും ധ്യാനംകൊണ്ടും എന്തെങ്കിലും പ്രയോജനം കിട്ടുമോ ?

ഉത്തരം : വേദാന്തശ്രവണംകൊണ്ട് സാധാരണക്കാരൻ പൊടുന്നനെ ജ്ഞാനിയയി ത്തീരുകയല്ല. വേദാന്തം കേൾക്കുമ്പോൾ അതവനെ ആദ്യം സംശയാലുവാക്കുന്നു. അവൻ ആ സംശയത്തിൽനിന്ന് അന്വേഷണത്തിനു തുടക്കം കുറിക്കുന്നു. അന്വേഷണാത്മകതയാണ് സാധാരണക്കാരിൽ വേദാന്തം ആദ്യം സൃഷ്ടിക്കുന്ന പ്രതികരണം. അന്വേഷിക്കുന്നവനെ ജിജ്ഞാസു എന്നാണ് വിളിക്കുക. ജിജ്ഞാസു പല വഴികളിലൂടേയും തട്ടിമുട്ടി കടന്നുപോകും. അവസാനം ഒരു ജ്ഞാനബുദ്ധന്റെ സവിധത്തിൽ അവൻ എത്തിപ്പെടും. ജിജ്ഞാസുവിന് ആ ജ്ഞാനബുദ്ധൻ ഗുരുവാണെന്ന അനുഭവമുണ്ടാകും. ജിജ്ഞാസുവിന് സ്വയംതോന്നും ഞാനൊരു ശിഷ്യനാണെന്ന്. ജിജ്ഞാസുവിൽത്തന്നെയാണ് ഗുരുവും ശിഷ്യനും ഇരിക്കുന്നത്. ഇനി അവനിൽ വേദാന്തത്തിന്റെ സ്വരലയം സംഭവിക്കുന്നത് സ്വാഭാവികമായിരിക്കും. അതുകൊണ്ട് വേദാന്തത്തിന് സാധാരണക്കാരനെന്നോ അസാധാരണക്കാരനെന്നോ ഉള്ള വകഭേദമൊന്നുമില്ല. വേദാന്തം നിങ്ങളെ തികഞ്ഞ അവബോധത്തോടെ ജീവിക്കാൻ പഠിപ്പിക്കുന്നു. നിങ്ങളിലെ യാന്ത്രികതയെ അത് മരവിപ്പിക്കുന്നു.

ചോദ്യം : സ്കൂൾ ഓഫ് വേദാന്തയുടെ പ്രവർത്തനരീതികളെക്കുറിച്ച് ഒന്നു പറയാമോ ?

ഉത്തരം: വേദാന്ത സ്കൂളിന്റെ ആവിർഭാവം ഈയുള്ളവന്റെ ഒരു ജീവിതസമർപ്പണമാണ്. കഴിഞ്ഞ ഇരുപതു വർഷങ്ങളായി സർവസംഗപരിത്യാഗിയായി, സന്ന്യാസജീവിതത്തിലൂടെ കടന്നുവന്ന എനിക്ക് ഇതിനുള്ള പ്രചോദനം കിട്ടിക്കൊണ്ടിരിക്കുന്നത് ഗുരു നിത്യചൈതന്യയതിയിൽനിന്നാണ്. ഒരു നിയോഗത്തിന്റെ ആസ്വാദ്യതയോടെയാണ് ഞാൻ ഈ ജ്ഞാനസംക്രമണപ്രക്രിയ ഏറ്റെടുത്തിരിക്കുന്നത്. ഗുരുവിന്റെ മഹനീയസവിധത്തിൽ കുറേക്കാലം സമർപ്പണം ചെയ്തു ജീവിച്ചപ്പോഴാണ് ഒരു വേദാന്ത സ്കൂളിനെക്കുറിച്ചുള്ള ചിന്ത എന്നിൽ ആദ്യമായി ബീജാവാപം ചെയ്തത്.

വേദാന്ത സ്കൂൾ തുടങ്ങുന്നത് രണ്ടു പേർക്ക് സമാധാനമായി ഒരിടത്തിരുന്ന് ആത്മവിചാരം ചെയ്യാൻ കഴിയുന്നിടത്തു നിന്നാണ്. അത് വിജനമായ ഒരു സ്ഥലമാകാം, തിക്കും തിരക്കുമില്ലാത്ത ഒരു വീടാകാം, ക്ഷേത്രങ്ങളാകാം, ധ്യാനമന്ദിരങ്ങളാകാം... അങ്ങനെ എവിടേയും നമുക്ക് തുടങ്ങാം. പത്തോ ഇരുപതോ പേരുള്ള ചെറിയചെറിയ വേദാന്തസത്സംഗഗ്രൂപ്പുകളെയാണ് ആദ്യം വേദാന്തപഠനത്തിനായി കണ്ടെത്തുക. അതോടൊപ്പം തന്നെ കേരളത്തിലും പുറത്തും പ്രധാനപ്പെട്ട സ്ഥലങ്ങളിലൊക്കെ ആ പ്രദേശത്തെ എല്ലാവർക്കും ബന്ധപ്പെടാവുന്ന ഒരു വേദാന്തസെന്ററിന് രൂപംകൊടുക്കും. അവിടെ മാസത്തിലൊരിക്കലെങ്കിലും സത്സംഗം നടത്തും. സത്സംഗത്തിനായി മഹാത്മാക്കളായ ഗുരുക്കന്മാരുടെ ദാർശനികഗ്രന്ഥങ്ങളാണ് പ്രധാനമായും ഉപയോഗിക്കുക. ഭഗവദ്ഗീത, ഉപനിഷത്തുകൾ, യോഗസൂത്രങ്ങൾ ധർമ്മപഥം, ആത്മോപദേശശതകം, ദർശനമാല തുടങ്ങിയവ. സെൻബുദ്ധിസം, സൂഫിസം, താവോയിസം ഇവയുടെയെല്ലാം പ്രാമാണികഗ്രന്ഥങ്ങൾ മനനത്തിനും ആത്മവിചാരത്തിനുമായി എടുക്കുന്നതാണ്. സത്സംഗത്തോടൊപ്പം ശരീരത്തിന്റേയും മനസ്സിന്റേയും സ്വാസ്ഥ്യത്തെ കൈവരുത്തുന്ന ധ്യാനവും ഉണ്ടായിരിക്കും.

ചോദ്യം : സ്വാമിജിയുടെ പുസ്തകങ്ങൾ വായിക്കുമ്പോൾ നാരായണഗുരുവിന്റെ വാക്കുകളാണ് മാതൃകയായി ഉദ്ധരിച്ചു കാണുന്നത്. വേദാന്ത സ്കൂൾ നാരായണ ഗുരുവിന്റെ ദർശനങ്ങൾ പഠിപ്പിക്കുന്നതിന് എന്തെങ്കിലും ചെയ്യുമോ ?

ഉത്തരം : നാരായണഗുരുവിന്റെ വാക്കുകളാണ് എന്റെ ഹൃദയത്തിൽ ആദ്യമായി വേദാന്തത്തിന്റെ അമൃതധാര പൊഴിച്ചത്. വാസ്തവത്തിൽ നാരായണഗുരു എനിക്ക് ഒരു ചരിത്രപുരുഷനോ ഒരു വ്യക്തിസ്വരൂപമോ ഒന്നുമല്ല. ഇപ്പോഴും എപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കുന്ന ആദിമഹസ്സാണ്. എനിക്ക് ആ ഗുരുവിനെ അറിയാനാവുന്നത് ഉള്ളിന്റെ ഉള്ളിൽ അണയാതെ ജ്വലിക്കുന്ന ഒരു ദീപമായാണ്. വേദാന്തത്തിന് സമന്വയത്തിന്റെ ആർദ്രമായൊരു സംഗീതമുണ്ട്. ആ സംഗീതം എനിക്കു ബോധ്യപ്പെട്ടതുകൊണ്ടാണ് ഞാൻ ഇങ്ങനെയൊരു സമാരംഭത്തിലേക്കു പ്രവേശിക്കുന്നത്. നരായണഗുരുവിന്റെ മുഴുവൻ കൃതികളും ലോകർക്ക് പഠിപ്പിച്ചുകൊടുക്കുന്ന ഒരു സ്ഥാപനംകൂടിയാണിത്.

ചോദ്യം : വേദാന്തം എന്നു കേൾക്കുമ്പോൾ ശങ്കരാചാര്യരെയാണ് ആദ്യം ഓർമ്മ വരുന്നത്. സ്വാമിജി ശങ്കരാചാര്യരെ എങ്ങനെയാണ് കാണുന്നത് ?

ഉത്തരം : എല്ലാ കാലഘട്ടത്തിലും മഹാഗുരുക്കന്മാരുടെ വാക്കുകൾ പണ്ഡിതന്മാർ വ്യാഖ്യാനിച്ച് വ്യാഖ്യാനിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാറുണ്ട്. എനിക്ക് ശങ്കരാചാര്യർ പ്രേമസ്വരൂപതയുടെ ജ്ഞാനത്തിളക്കമാണ്. ആചാര്യരുടെ ഭാഷ്യങ്ങളും സ്തോത്രങ്ങളും എല്ലാം ഹൃദ്യമായ ഒരു വിരുന്നാണ്. ആത്മാവിന് പോഷണം നൽകുന്ന ആ വിരുന്നുണ്ടാണ് ഭാരതീയസംസ്ക്കാരം ലോകത്തെ അതിശയിപ്പിച്ചത്. മാക്സ് മുള്ളറും പോൾ ഡോയ്സണും ജുവാൻ മസ്ക്കാരയുമെല്ലാം അത്ഭുതാതിരേകത്താൽ ശങ്കരദർശനത്തെ കൺപാർത്ത് സ്തബ്ധരായിപോയിട്ടുണ്ട്. ഇന്നും ശങ്കരാചാര്യരെ നിഷേധിച്ചുകൊണ്ട് ഒരാൾക്കും ഭാരതത്തിന്റെ ദാർശനികമണ്ഡലത്തിലേക്ക് പ്രവേശിക്കുവാൻ കഴിയുകയില്ല.



വൈദ്യരത്നം ശ്രീ.
രാഘവൻ തിരുമുൽപ്പാട്

# ചികിത്സാച്ചെലവ് കുറയ്ക്കാം



ഇക്കാലത്ത് അധികമായി കാണപ്പെടുന്ന രോഗങ്ങൾ കഫവാതപ്രധാനങ്ങളാണെന്നു തോന്നുന്നു. പിത്തപ്രധാനങ്ങളോ കഫപിത്ത പ്രധാനങ്ങളോ ആയ രോഗങ്ങൾ കാണപ്പെടുന്നില്ല എന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. ജീവിതശൈലി വച്ചു നോക്കുകയാണെങ്കിലും കഫവാതപ്രധാനങ്ങളായ രോഗങ്ങൾത്തന്നെയാവണം അധികമായും കാണപ്പെടുന്നത്. ചികിത്സ അതിനു തക്കവണ്ണമാണെങ്കിൽ അധികമായി അനുകൂലഫലം സിദ്ധിക്കുന്നതായി കാണുന്നു. അത്ര ധാരാളമായി കുഴമ്പുകൾ ആവശ്യം വരാറുമില്ല. പടോലമൂലാദി കഷായം, പുനർന്നവാദി കഷായം ഈ ഔഷധങ്ങൾ വളരെ ആവശ്യം വരാറുണ്ട്. പിന്നെ അധികം കാണപ്പെടുന്നത് ഗന്ധർവ്വഹസ്താദി കഷായം.

വാതകഫപ്രധാനങ്ങളായ കുറേ രോഗങ്ങളും കാണപ്പെടാറുണ്ട്. പിഴിച്ചിലും ഉഴിച്ചിലും മറ്റും അത്ര അധികമായി ആവശ്യമുണ്ടാകുന്നതായി തോന്നുന്നില്ല. ആന്തരമായ ശമനൗഷധങ്ങൾത്തന്നെ മിക്കവാറും രോഗങ്ങൾ ശമിപ്പിക്കുന്നതായി തോന്നുന്നു. ആയുർവേദ ആശുപത്രികളിലും മറ്റും ദോഷ

വിചിന്തനത്തോടുകൂടി ഒരു ചികിത്സാരീതി നടപ്പിൽ വരുത്തുകയാണെങ്കിൽ വളരെ ലാഘവത്തോടുകൂടി രോഗങ്ങൾ ശമിക്കാതിരിക്കുകയില്ല. ഔഷധം സാമാന്യമായി അനുലോമമായിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ഇങ്ങനെ ചികിത്സാനുഭവങ്ങൾ വച്ച് ദോഷനിർണ്ണയം ചെയ്ത് ഔഷധനിർണ്ണയംകൊണ്ട് ചികിത്സ ഫലപ്രദമാകും എന്ന് എനിക്കു തോന്നിയിട്ടുണ്ട്. ആശുപത്രി ചികിത്സ ഒരുവിധത്തിൽ ആലോചിച്ചാൽ ചികിത്സാസൗകര്യത്തിനു കാരണമാകാം എന്നു തോന്നുന്നു. ചികിത്സയെ ലഘൂകരിക്കുക എന്നത് എന്റെ ആദ്യകാലം മുതലുള്ള താത്പര്യമായിരുന്നു.

ഇക്കാലത്തെ സാഹചര്യം അനുസരിച്ച് നെയ്യിന്റെ ഉപയോഗം ആവശ്യമാകാറില്ല എന്നാണ് എന്റെ അഭിപ്രായം. എന്റെ അനുഭവത്തിൽ കഷായംകൊണ്ടുതന്നെ രോഗങ്ങൾ ശമിക്കുന്നതായി കാണുന്നു. ഏതായാലും എന്റെ ചികിത്സയിൽ ഘൃതങ്ങൾക്ക് ഒരു സ്ഥാനവുമില്ല എന്നു തോന്നും. ചില കഷായങ്ങളും, രണ്ടുമൂന്നു ലേഹ്യങ്ങളും, അഞ്ചാറു ഗുളികയുമുണ്ടെങ്കിൽ മിക്കവാറും രോഗങ്ങൾക്കു ശമനമുണ്ടാകും എന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു ചികിത്സയുടെ ചിലവ് വളരെ കുറയുമെന്നു ഞാൻ കരുതുന്നു. ഏതായാലും എന്റെ ചികിത്സാരീതി ഏറെക്കുറെ അതാകുന്നു. അതുകൊണ്ട് രോഗം ശമിക്കുന്നതായ അനുഭവംവച്ച് അത്തരത്തിലുള്ള ഒരു ചികിത്സാ സമ്പ്രദായം, ആയുർവേദത്തെ ലഘുവാക്കിത്തീർക്കും എന്നു സംശയമില്ല. വൈദ്യനെ സംബന്ധിച്ചു ചിലവു ചുരുങ്ങണം എന്ന വിചാരംതന്നെ വളരെ കുറവായിട്ടാണു കാണുന്നത്. വിദ്യാർത്ഥികളുമായുള്ള എന്റെ പരിചയത്തിൽ അപൂർവ്വം കുറേ വിദ്യാർത്ഥികൾ ചികിത്സയുടെ ചിലവ് ചുരുങ്ങിയാൽ ലാഭം കുറയും എന്നു കരുതുന്നതായി എനിക്കു തോന്നിയിട്ടുണ്ട്. പഥ്യത്തിൽ നിഷ്ക്കർഷിക്കുന്നതുകൊണ്ട് ചികിത്സ ലഘുവാക്കാനും ചിലവ് കുറേ കുറയ്ക്കാനും കഴിയും എന്നാണ് എന്റെ അഭിപ്രായം.

വിനാപി ഭേഷജൈർ വ്യാധി
പഥ്യാദേവ നിവർത്തതേ
നതു പഥ്യവിഹീനസ്യ
ഭേഷജാനാം ശതൈരപി.

മരുന്നില്ലെങ്കിലും രോഗം പഥ്യംകൊണ്ട് ശമിച്ചുപോം. പഥ്യമില്ലെങ്കിൽ മാറില്ല നൂറുനൂറു ഔഷധങ്ങളാൽ എന്നു പ്രസിദ്ധമായ ഒരു സുഭാഷിതമുണ്ട്.

പഥ്യത്തിൽ നിഷ്ക്കർഷിച്ച് അത്യാവശ്യം ഒരു മരുന്നുകളുമായി ഒരു ചികിത്സാ സമ്പ്രദായം നടപ്പിൽവന്നാൽ ആയുർവേദത്തെ വളരെ ലളിതമാക്കാൻ കഴിയുമെന്നു തോന്നുന്നു. ചില ആയുർവേദ വിദ്യാർത്ഥികളുമായി ഒരിക്കൽ ഞാനൊരു ചർച്ചയിൽ ഏർപ്പെട്ടു. മിക്കവാറും വിദ്യാർത്ഥികൾ ചികിത്സയുടെ സാമ്പത്തിക പ്രയോജനത്തിൽ ശ്രദ്ധയുള്ളവരാണെന്ന് എനിക്കു തോന്നിയിട്ടുണ്ട്.

കഴിയുന്നത്ര ഒരു ഗാന്ധിയൻ ശൈലിയിൽ ജീവിക്കുവാനാണ് ഞാൻ ശ്രദ്ധിച്ചിട്ടുള്ളത്. അതുകൊണ്ട് ചികിത്സയെ ലഘൂകരിക്കാൻ കഴിയുമെന്ന് എനിക്കു ബോധ്യപ്പെട്ടിട്ടുണ്ട്. എന്റെ അനുഭവംവച്ചു ചിന്തിക്കുമ്പോൾ



ചികിത്സ ലഘൂകരിക്കുന്നത് സാമ്പത്തികമായ പ്രയോജനത്തിന് കുറവൊന്നും വരുന്നതായി തോന്നിയിട്ടില്ല. ഞാൻ ചികിത്സയിൽ സമ്പത്തിനു മുഖ്യപ്രയോജനം നൽകിയിട്ടില്ല. എനിക്കു സാമ്പത്തികമായ വിഷമങ്ങൾ ഒന്നുംതന്നെ ഒരിക്കലുമുണ്ടായിട്ടില്ല. ആവശ്യമില്ലാതെ പണത്തിനു വേണ്ടിമാത്രം മരുന്നു നിശ്ചയിക്കുന്ന സമ്പ്രദായം ഒരു ഗാന്ധിയനെന്ന നിലയിൽ പരിപൂർണ്ണമായി ഒഴിവാക്കിയിരുന്നു. എന്റെ ചികിത്സകൊണ്ട് ചെലവു ചുരുങ്ങി രോഗശമനം ലഭിക്കുന്നു എന്നത് ഒരു വസ്തുതയാണ്. ജീവിതത്തിൽനിന്ന് ആർഭാടം പരിപൂർണ്ണമായി ഒഴിവാക്കിയാൽ ത്തന്നെ ചികിത്സാച്ചെലവു ചുരുക്കാൻ കഴിയുമെന്നാണ് എനിക്കു തോന്നുന്നത്. ഏതായാലും വിദ്യാർത്ഥികൾക്ക് അലോപ്പതി ഡോക്ടർമാരെ അനുകരിക്കാനുള്ള വാസന ഉള്ളിടത്തോളം കാലം ഈ കാഴ്ചപ്പാട് ഉണ്ടാകാൻ വിഷമമാണ്. ആയുർവേദത്തിനൊരു ധാർമ്മികമായ കാഴ്ചപ്പാടുണ്ടെന്ന് എനിക്കു തോന്നിയിട്ടുണ്ട്. അലോപ്പതിയ്ക്ക് പൂർണ്ണമായും ഒരു ക്യാപ്പിറ്റലിസ്റ്റിക് കാഴ്ചപ്പാട് ഉള്ളതായും തോന്നിയിട്ടുണ്ട്. അലോപ്പതിയെ അനുകരിക്കാനുള്ള വാസന ഒഴിവാക്കി ആയുർവേദത്തിന്റെ വ്യക്തിത്വത്തെ കഴിയുന്നതും പുലർത്താനും നിലനിർത്താനും കഴിഞ്ഞാൽ അതുകൊണ്ട് ചികിത്സയെ ലഘൂകരിക്കാനും ചെലവു ചുരുക്കാനും കഴിയും.

എനിക്കു 88 വയസ്സായി. ഈ നീണ്ട ജീവിതത്തിൽനിന്ന് മനസ്സിലായ ചില സംഗതികളാണ് ഇങ്ങനെ ഒരു അഭിപ്രായം രൂപപ്പെടാൻ സഹായിച്ചത് എന്നു തോന്നുന്നു. ഈ അഭിപ്രായങ്ങൾക്ക് പ്രായോഗികമായ ഒരു പശ്ചാത്തലവും ഉണ്ടായിരിക്കാം. ആയുർവേദമാകെത്തന്നെ ഒരു സുഭാഷിതമാണെന്ന് എനിക്കു തോന്നിയിട്ടുണ്ട്. അതുകൊണ്ട് ആ നിലക്കുതന്നെ ആയുർവേദഗ്രന്ഥങ്ങളെ മനസ്സി

ലാക്കി ഉൾക്കൊള്ളണം. ആയുർവേദത്തിലെ മറ്റു പ്രമുഖന്മാരായ ആചാര്യന്മാർ ഈ വിഷയത്തെ വ്യക്തമായി പറഞ്ഞതായി തോന്നുന്നില്ല. വാഗ്ഭടന്റെ ബുദ്ധഭക്തി ഇതിന്റെ കാരണമെന്ന് ചിലർ പറയുന്നു. ലളിതമായി ചികിത്സിക്കാൻ കഴിയായ്കയല്ല, മാതൃകയില്ലാത്തതാണു ചികിത്സയെ ഗംഭീരമാക്കാൻ പ്രേരണ നൽകുന്നത്. ഇന്നത്തെ വിദ്യാർത്ഥികളിൽ ചിലരെങ്കിലും ഈ വിഷയത്തിൽ ശ്രദ്ധയുള്ളവരായിത്തീരും എന്നു ഞാൻ കരുതുന്നു.

എന്നാൽ എനിക്കു ചെറിയൊരു ഇച്ഛാഭംഗം ഇതു സംബന്ധിച്ചു ഉണ്ടായിരിക്കുന്നു. പണ്ടൊക്കെ സാധാരണ ദിവസങ്ങളിൽത്തന്നെ അധികപഠനത്തിനുവേണ്ടി വിദ്യാർത്ഥികൾ എന്നെ സമീപിക്കാറുണ്ടായിരുന്നു. അടുത്ത കുറച്ചുകാലമായി അത്തരത്തിലുള്ള സാഹചര്യങ്ങൾ മാറിവന്നിരിക്കുന്നു. ഒരുപക്ഷേ, ആയുർവേദകോളേജിലെ അദ്ധ്യാപകന്മാർതന്നെ എന്റെയടുക്കലുള്ള അധികപഠനത്തെ അനുമോദിക്കാതായി എന്ന് എനിക്കു തോന്നാറുണ്ട്. കുറേക്കൂടി വിദ്യാർത്ഥികൾ എന്നെ സമീപിച്ചാൽ നന്ന് എന്ന ഔത്സുക്യം മാത്രമാണ് എന്ന് ധരിയ്ക്കണം. വിദ്യാർത്ഥികൾ വന്നാൽ അവർക്ക് കൂടുതൽ പറഞ്ഞുകൊടുക്കാമല്ലോ. അറിവ് പ്രയോജനപ്പെടുത്താമല്ലോ.

---

ഗുരുരാഗം

വേദാന്ത മാസിക വായിക്കുക വരിക്കാരാവുക

പേര്.......................................................................................................
വിലാസം...................................................................................................
പോസ്റ്റ്..................................................പിൻ കോഡ്.........................
സ്ഥലപ്പേര്/റോഡ്...........................................ജില്ല...................................
ഫോൺ.......................................മൊബൈൽ...........................................

1 വർഷം 120 രൂപ
2 വർഷം 240 രൂപ
ആജീവനാന്തം 1500 രൂപ

മാസിക വേണ്ടവർ
മണിയോർഡർ/ചെക്ക് അയയ്ക്കുക

ഗുരുരാഗം മാഗസിൻ, നിത്യനികേതനം, ചെത്തിക്കോട് പി.ഒ.
കാഞ്ഞിരമറ്റം, എറണാകുളം-682315, ഫോൺ-0484-2749819

ദൃശ്യ വേദാന്ത

കെ. ജിഗീഷ്
jigishvkm@gmail.com



# ഇന്ത്യയുടെ സ്വന്തം ചേരികൾ വീണ്ടും സിനിമയാകുമ്പോൾ



വിദേശികളോ പ്രവാസികളോ ആയ സംവിധായകർ ഇന്ത്യൻ സാഹചര്യത്തിൽ സിനിമയെടുക്കുമ്പോഴൊക്കെ ഇന്ത്യൻ ദാരിദ്ര്യത്തെ വിറ്റു കാശാക്കുന്നു എന്ന് നാം മുറവിളി കൂട്ടാറുണ്ട്. മീരാ നയ്യാർ (സലാം ബോംബേ), ദീപാ മേത്ത (വാട്ടർ), മഖ്മൽ ബഫ് (സ്ക്രീം ഓഫ് ദി ആൻട്സ്) തുടങ്ങിയവർ ഇത്തരം വെല്ലുവിളികളെ നേരിട്ട്, മികച്ച ചലച്ചിത്രങ്ങൾ സൃഷ്ടിച്ചവരാണ്. എന്നാൽ, കേവലം വികാരപ്രകടനത്തിനപ്പുറം ഇന്ത്യയുടെ അഴുക്കുപുരണ്ട യാഥാർഥ്യങ്ങളെ ക്രിയാത്മകമായി നേരിടാൻ സിനിക്കുകളായ നാം തയ്യാറുമല്ല! രതിലീലകൾ കുത്തിനിറച്ച ആട്ടവും പാട്ടുമായി, യുവരക്തത്തിന്റെ കാമാതുരതയെ ജ്വലിപ്പിച്ചുനിർത്തുന്ന മസാലച്ചിത്രങ്ങളാണ് നമുക്കിന്നും പഥ്യം. ഇപ്പോളിതാ, ഡാനി ബോയ്ൽ എന്ന ബ്രിട്ടീഷുകാരൻ ബോംബെയിലെ തെരുവിന്റെ സന്തതിയായ ജമാലിന്റെ ജീവിതകഥയുമായി ഇന്ത്യയിലുമെത്തിയിരിക്കുന്നു! അഭിനന്ദനങ്ങളും ശാപവാക്കുകളുമായി 'സ്ലം ഡോഗ് മില്ല്യനയർ' എന്ന ഈ ചിത്രത്തെച്ചൊല്ലിയുള്ള വിവാദങ്ങൾ കൊഴുക്കു



അവഗണനയുടെയും പ്രതീകങ്ങളായി ചേരികൾ വിലസുന്നു!

ബോംബെ നഗരത്തിന്റെ പശ്ചാത്തലത്തിൽ ജമാൽ മാലിക് എന്ന 18 വയസ്സുകാരനായ ചേരിപ്പയ്യന്റെ ദുരിതപൂർണ്ണമായ ജീവിതാനുഭവങ്ങളെ തികച്ചും വൈകാരികമായി എന്നാൽ അനുതാപത്തോടെ വീക്ഷിക്കുന്ന സിനിമയാണ് 'സ്ലം ഡോഗ്'. പ്രധാനമായും മൂന്നു ഘട്ടങ്ങളാണ് ചിത്രത്തിന്റെ ലഘുവായ ഇതിവൃത്തഘടനയിലുള്ളത്. ഒന്ന്: ഏറെ ജനപ്രീതി നേടിയ 'കോൻ ബനേഗാ ക്രോർപതി' എന്ന ടെലിവിഷൻ ക്വിസ്-ഷോയിൽ, അവസാന ചോദ്യത്തിനു മുൻപായി, വഞ്ചനാക്കുറ്റമാരോപിക്കപ്പെട്ട് ലോക്കപ്പിൽ ചോദ്യശരങ്ങൾ നേരിടുന്ന ജമാൽ. രണ്ട്: ചെകുത്താനും കടലിനുമിടയിലൂടെ അവൻ കടന്നുപോന്ന തെരുവിലെ കഠിന മുഹൂർത്തങ്ങൾ. മൂന്ന്: പ്രേക്ഷകനെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തി, പൊള്ളുന്ന ജീവിതപരിസരങ്ങളിൽ നിന്നു താൻ കണ്ടെത്തിയ ഉത്തരങ്ങൾ ഓരോന്നായി പറഞ്ഞ് ഒടുവിൽ ഷോയിലെ കോടിപതിയായിത്തീരുന്ന ജമാൽ... പോലീസ് ഓഫീസറുടെ ചോദ്യം ചെയ്യലിൽ നിന്നു വേറിട്ട് സ്റ്റുഡിയോയിലെ ചോദ്യോത്തരങ്ങളിലേക്കും തിരിച്ചും മാറിമാറി സഞ്ചരിക്കുന്ന ക്യാമറ രണ്ടിനുമിടയിലെ കൃത്യ

മ്പോഴും ഇന്ത്യൻ തീ യേറ്ററുകളിൽ ഈ ചിത്രം നിറഞ്ഞ സദസ്സിൽ പ്രദർശനം തുടരുകയാണ്... വാസ്തവത്തിൽ, എവിടെയാണ് വൈരുദ്ധ്യം?

വർണ്ണശബളമായ ബോംബേ എന്ന മഹാനഗരത്തിന്റെ അരികുകളിൽ പൊട്ടിമുളച്ച്, വർഷങ്ങളിലൂടെ പടർന്നു പന്തലിച്ച ചേരി സമൂഹം ഇന്ന്, നഗരജനസംഖ്യയുടെ 60 ശതമാനമായി വളർന്നുകഴിഞ്ഞു; അതായത് 7 ദശലക്ഷത്തോളം പേർ! ബോംബെയിൽ മാത്രമല്ല, നമ്മുടെ അഭിമാനനഗരങ്ങളായ ദില്ലിയിലും കൊൽക്കത്തയിലും 10 ലക്ഷത്തിലധികം പേർ വീതം ചേരികളിൽ വസിക്കുന്നുണ്ട്. നഗരജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിക്കഴിഞ്ഞ ചേരികൾ രോഗവും മയക്കുമരുന്നും വ്യഭിചാരവും അക്രമവും നടമാടുന്ന അരാജകത്വത്തിന്റെ ഒരു സമാന്തരലോകമായി മാറിയിരിക്കുന്നു...നമ്മുടെ നഗരവികസനത്തിന്റെയും ഭരണകൂടത്തിന്റെ തന്നെയും മുൻഗണനാക്രമങ്ങളിലൊന്നും പെടാതെ, ക്രൂരമായ സാമൂഹ്യവിവേചനത്തിന്റെയും

മായ ഇടവേളകളിൽ ജമാലിന്റെ തെരുവു-ജീവിതസ്പന്ദനങ്ങളെയും പകർത്തുന്നു. അതിവിദഗ്ദ്ധമായി ആസൂത്രണം ചെയ്യപ്പെട്ട ഒരു 'എഡിറ്റിംഗ് പാറ്റേൺ' ഈ രംഗങ്ങൾക്കു വേണ്ടത്ര പിരിമുറുക്കം നൽകി ആഖ്യാനത്തിലെ നാടകീയതയ്ക്ക് ആക്കം കൂട്ടുന്നു.

ഇന്ത്യൻ സിനിമയിലെ 'ബിഗ്ബി' യുമായി ബന്ധപ്പെട്ട ഷോയിലെ ആദ്യചോദ്യത്തിനുത്തരമായി നാം കാണുന്നത് അമിതാഭ് ആരാധ്യപുരുഷനായിരുന്ന ജമാലിന്റെ ബാല്യ കാലസാഹസികതകളാണ്. ഇന്ത്യയുടെ ദേശീയചിഹ്നം, ഇതിഹാസ കഥയിലെ ശ്രീരാമന്റെ കയ്യിലെ ആയുധം, സൂർദാസ് എഴുതിയ ദേശഭക്തിഗാനം, അമേരിക്കൻ ഡോളർ-നോട്ടിലെ നേതാവിന്റെ ചിത്രം, തോക്കു കണ്ടുപിടിച്ച വ്യക്തി, ക്രിക്കറ്റ് ചരിത്രത്തിലെ മികച്ച സെഞ്ചുറികളുടെ ഉടമ തുടങ്ങിയവയിലൂടെ നീളുന്ന ഓരോ ചോദ്യവും ജമാലിന്റെ ഭൂതകാലത്തിലേക്കു തുറക്കുന്ന കിളിവാതിലായി മാറുന്നു; തെരുവുതെണ്ടിയായും മോഷ്ടാവായും വഴിവാണിഭക്കാരനായും ടൂറിസ്റ്റു ഗൈഡായും കോൾ സെന്ററിലെ വെയ്റ്ററായുമുള്ള അവന്റെ ഭ്രമാത്മകമായ ജീവിതനാടകത്തിലെ വേഷപ്പകർച്ചകളെ അടയാളപ്പെടുത്തുന്നു. തീവ്രവാദികളുടെ അടിയേറ്റുള്ള അമ്മയുടെ ദാരുണ മരണം...തനിക്കും ജ്യേഷ്ഠസഹോദരനായ സലിമിനുമൊപ്പം ചേരുന്ന ലതികയെന്ന അനാഥപ്പെൺകുട്ടി... ക്രമേണ ചുറ്റുപാടുകളുടെ സമ്മർദ്ദത്താൽ മാഫിയാ സംഘത്തിലെത്തിപ്പെടുന്ന സലിം...വേശ്യാവൃത്തിയിലേക്കു വലിച്ചിഴയ്ക്കപ്പെടുന്ന ലതിക...കണ്ടുമുട്ടിയ നിമിഷം മുതൽ മനസ്സിൽ കെടാതെ സൂക്ഷിക്കുന്ന ലതികയുമായുള്ള ജമാലിന്റെ വിശുദ്ധപ്രണയം...കാലത്തിലൂടെ മുന്നോട്ടും പിന്നോട്ടും മാറിമാറി സഞ്ചരിച്ച് ചിട്ടയോടെ കഥപറയുന്ന സീക്വൻസുകൾ...



തെരുവിന്റെ പുത്രനായ ഒരുവനും സ്വന്തം ജീവിതപാഠങ്ങളിലൂടെ ഉത്തരങ്ങൾ കണ്ടെത്താനാവും എന്നു ബോധ്യപ്പെട്ട് കുറ്റവിമുക്തനാക്കപ്പെട്ട ജമാൽ, രണ്ടു കോടിയുടെ അവസാന ചോദ്യത്തിലേക്ക് നീങ്ങുമ്പോൾ, ഒരു നഗരം മുഴുവൻ അവനുവേണ്ടി പ്രാർത്ഥനാനിരതമാവുകയും അവന്റെ ഉത്തരത്തിനായി കാതോർക്കുകയും ചെയ്യുന്നു! അലക്സാണ്ടർ ഡ്യൂമാസിന്റെ 'ത്രീ മസ്ക്കറ്റീയേഴ്സി'നെക്കുറിച്ചാണു ചോദ്യം. പതിവിൽ നിന്നു ഭിന്നമായി അവനു ക്ളാസ്സ്മുറിയിൽ നിന്നു ലഭിച്ചിട്ടുള്ള ഏക




ഉത്തരവും ഇതാണ്! അവന്റെ ചുണ്ടിൽ ഒരു ചിരി വിടരുന്നു.. എതിർസീറ്റിലെ ചോദ്യകർത്താവായ സൂപ്പർതാരത്തെ തോൽപ്പിച്ചുകൊണ്ട് അവൻ കോടീശ്വരനായ താരവും ആ നഗരരാത്രിയുടെ രോമാഞ്ചവുമായി മാറുന്നു...!

അതീവ ഗൗരവത്തോടെ പ്രമേയത്തെ സമീപിക്കുന്ന കലാസിനിമയുടെ പാതയിൽ നിന്നു വേറിട്ട് ജനപ്രിയസിനിമയുടെ സങ്കേതങ്ങളുപയോഗിച്ച്, അങ്ങേയറ്റം ചടുലമായി ജമാലിന്റെ ജീവിത പരിണാമത്തെ അവതരിപ്പിച്ചു എന്നതാണ് ചിത്രത്തിന്റെ വാണിജ്യപരമായ വിജയരഹസ്യം. തുടക്കം മുതൽ അവസാന ഷോട്ടു വരെ നിലനിർത്താൻ കഴിഞ്ഞ നാടകീയതയും ആരെയും ആകർഷിക്കുന്ന സിനിമാറ്റോഗ്രഫിയുമാണ് ഗുണപരമായ മറ്റു ഘടകങ്ങൾ. ഡിജിറ്റൽ ശബ്ദഘോഷങ്ങളൊഴിവാക്കി, ഉത്തരേന്ത്യൻ ജനതയുടെ തനതു സംസ്കാരത്തെയും ഒപ്പം നഗരജീവിതത്തിന്റെ ചടുലതാളത്തെയും അനായാസം സമന്വയിപ്പിക്കുന്ന 'റഹ്മാൻ മാജിക്', സംഗീതത്തെ ഈ സിനിമയുടെ അടിസ്ഥാനഘടകമായി മാറ്റിയിട്ടുണ്ട്. ചേരിയിൽനിന്നു കണ്ടെത്തിയതടക്കമുള്ള ബാലപ്രതിഭകളുടെ അഭിനയമികവ് പുറത്തു കൊണ്ടുവന്നതു കൂടാതെ ഇതരഘടകങ്ങളെയെല്ലാം സമർത്ഥമായി കൂട്ടിയിണക്കി രണ്ടു മണിക്കൂറിൽ ചിത്രത്തെ ഒതുക്കി നിർത്തിയതിന്റെയും ക്രെഡിറ്റ് സംവിധായകൻ ഡാനിയ്ക്കു മാത്രം അവകാശപ്പെട്ടതാണ്. മാധ്യമങ്ങൾ ചൊരിഞ്ഞ അതിശയോക്തികൾ സിനിമയുടെ കച്ചവടം എളുപ്പമാക്കി. ഓസ്ക്കാറിലെ പത്തു നോമിനേഷനുകൾക്കൊപ്പം ഗോൾഡൻ ഗ്ളോബ് പുരസ്കാരങ്ങളും അമിതാഭിന്റെ ആരോപണങ്ങളും ചിത്രത്തെ കൂടുതൽ പ്രശസ്തമാക്കി. ശബ്ദമിശ്രണത്തിൽ റസൂൽ പൂക്കുട്ടിയെന്ന മലയാളി-മികവിനെ ലോകം തിരിച്ചറിയുകയും ചെയ്തു. ആനന്ദലബ്ധിക്കിനിയെന്തു വേണം?

വികാസ് സ്വരൂപ് എന്ന ഇന്ത്യൻ എഴുത്തുകാരന്റെ 'ക്യൂ ആൻഡ് എ' എന്ന നോവലാണ് ഈ ചലച്ചിത്രത്തിനാസ്പദം. ദൃശ്യഭാഷയുടെയും സങ്കേതികവിദ്യയുടെയും സാധ്യതകൾ സിനിമ പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, യുക്തിഭദ്രമായ അടിത്തറയില്ലാതെ മെനഞ്ഞെടുത്ത ചില കഥാസന്ദർഭങ്ങളാണ്

പ്രധാന പരിമിതി. ഒരു ചലച്ചിത്രത്തിന്റെ നട്ടെല്ലായി വർത്തിക്കേണ്ട തിരക്കഥയുടെ രചനയിൽ അവശ്യം വേണ്ട ഗൃഹപാഠങ്ങൾ നോവലിനെ സിനിമയായി മാറ്റിയെഴുതിയ സൈമൺ ബ്യൂഫോയ് ചെയ്തതായി കാണുന്നില്ല. ഉദാഹരണങ്ങൾ നിരവധിയാണ്. കഥയിലെ നിർണ്ണായകഘട്ടമായ ജമാലിന്റെ അറസ്റ്റും അവനെ ക്രൂരമായി പീഡിപ്പിച്ചു കൊണ്ടുള്ള പോലീസിന്റെ ചോദ്യം ചെയ്യലും പുതിയ കാലത്തിനു നിരക്കാത്തതും നമ്മുടെ സാമാന്യബോധത്തെത്തന്നെ കളിയാക്കുന്നതുമാണ്. ജമാൽ വിവരിക്കുന്ന സ്വന്തം ജീവിതാനുഭവങ്ങളിലെ അതി-നാടകീയത/സാഹസികതയാണ് മറ്റൊന്ന്. ചേരിയിലെ തുറന്ന കക്കൂസിൽ ചാടി, ദേഹം മുഴുവൻ നാറുന്ന അമേധ്യവുമായി അമിതാഭ് എന്ന സൂപ്പർ താരത്തിന്റെ ഓട്ടോഗ്രാഫ് വാങ്ങുവാൻ ആവേശഭരിതനായി ഓടുന്ന ജമാലിന്റെ ഷോട്ട് പ്രേക്ഷകന്റെ സഹനശേഷിയുടെ എല്ലാ സീമകളും ലംഘിക്കുന്നു! കറൻസിനോട്ടുകൾക്കിടയിൽ കിടന്നുകൊണ്ടുള്ള സലീമിന്റെ അന്ത്യരംഗമാകട്ടെ, 'ഷോലെ' യുടെ കാലത്തെ മെലോഡ്രാമയെയെയും അതിശയിക്കുന്നു!

ഈ സിനിമയുടെ കാര്യത്തിലും, മാധ്യമ-വിവാദങ്ങൾ 'അന്ധൻ ആനയെ കണ്ടതുപോലെ' പ്രധാന പ്രശ്നങ്ങളെ സ്പർശിക്കാതെ കടന്നുപോകുന്നു. ലോകസമൂഹത്തിനു മുന്നിൽ ഇന്ത്യയെ പരിഹാസപാത്രമാക്കുന്നു എന്നാണ് ബച്ചൻ ചിത്രത്തെ വിമർശിച്ചത്. എന്നാൽ, അദ്ദേഹം നിരന്തരം അഭിനയിച്ചുകൂട്ടുന്ന ഇന്ത്യയുടെ സ്വന്തം കച്ചവടസിനിമകൾ നമ്മുടെ സംസ്കാരത്തെയും ഇന്ത്യൻ യാഥാർഥ്യങ്ങളെയും എത്രത്തോളം പ്രതിഫലിപ്പിക്കുന്നുണ്ട്? മാത്രമല്ല, മാലിന്യക്കൂമ്പാരങ്ങളുടെയും അഴുക്കുചാലുകളുടെയും നടുവിൽ ജീവിക്കുന്ന കോടിക്കണക്കായ ഈ ഇരുകാലിമൃഗങ്ങളെ ലോകമറിയാതെ നാം എവിടെയാണൊളിപ്പിക്കുക? ഇന്ത്യൻ ഭരണവർഗ്ഗത്തിന്റെയും ജനതയുടെ തന്നെയും കപടസദാ



ചാരവും വിവേചനവും പുറത്തുള്ളവർ അല്പമൊക്കെ അറിഞ്ഞുപോയാൽ തന്നെ അതിലെന്താണു കുഴപ്പം? യഥാർത്ഥത്തിൽ തന്റെ വികാരപ്രകടനം സത്യസന്ധമാണെങ്കിൽ അമിതാഭ് ചെയ്യേണ്ടിയിരുന്നത് ഭരണാധികാരികളുമായി ചേർന്ന് ചേരികളുടെ ഉന്നമനത്തിനുള്ള പ്രവർത്തനങ്ങളിൽ മുഴുകുകയാണ്. ഇനിയിപ്പോൾ, ഇന്ത്യയുടെ അഭിമാനമെന്നത് ഒരു ഡാനി ബോയ്ൽ

തുമ്മിയാൽ തെറിക്കുന്ന മൂക്കാണെങ്കിൽ അതങ്ങു തെറിച്ചുപോകുന്നതല്ലേ നല്ലത്?

ആശയവിനിമയത്തിൽ, ഭാഷ/വാക്ക് എന്ന ഉപകരണത്തെ തള്ളിമാറ്റി, ആ സ്ഥാനത്ത് ദൃശ്യബിംബങ്ങൾ കടന്നുവരികയാണ്. 'സ്ലം ഡോഗ്' ഒരു മഹത്തായ ചിത്രമല്ല. എന്നാൽ, ഒരു മഹാനഗരത്തിന്റെ ഹൃദയസ്പന്ദനങ്ങളെയും അതിജീവന സ്വഭാവത്തെയുമൊക്കെ ഡിജിറ്റൽ യുഗത്തിലെ ദൃശ്യഭാഷയിലൂടെ ആവിഷ്കരിച്ച ഒരു നല്ല സിനിമയാണിത്. മനുഷ്യജീവിതത്തെ രതിയുടെ ആഘോഷം മാത്രമാക്കി ചുരുക്കുന്ന ബോളിവുഡ് സിനിമയിൽ നിന്നു വ്യത്യസ്തമായി അതിന്റെ മാനവിക മുഖം വെളിപ്പെടുത്തുന്ന ചിത്രം! ദാർശനികമോ പ്രത്യയശാസ്ത്രപരമോ ആയ വ്യാഖ്യാനങ്ങൾക്ക് ഇടം നൽകാത്ത ഒരു അടിപൊളിച്ചിത്രം!



ഗുരു നിത്യ ചൈതന്യയതി
വരച്ചത് രമണൻ ഒ.ടി.

# വേദാന്ത വൃത്താന്തം

തൃപ്പൂണിത്തുറ: 2009 ജനുവരി 2 വെള്ളിയാഴ്ച തൃപ്പൂണിത്തുറയിലെ ശ്രീ. തമ്പി കുരുന്നോത്തിന്റെ വസതിയിൽവച്ച് സ്കൂൾ ഓഫ് വേദാന്ത യുടെ ആഭിമുഖ്യത്തിൽ, ആറുമാസമായി നടന്ന ഗുരുദർശനപഠനക്ലാസ്സ് സമാപിച്ചു. രാവിലെ 9 മണിക്ക് നാരായണഗുരുവിന്റെ ഹോമമന്ത്രത്തോടെ സ്വാമി സുധി പരിപാടികൾക്ക് തുടക്കം കുറിച്ചു. ഉപനിഷദ്പാരായണത്തി നുശേഷം പിണ്ഡനന്ദിയെ ആസ്പദമാക്കി സ്വാമിജി പ്രഭാഷണം നട ത്തി. ഗർഭോപനിഷത്തിനേയും ആധുനികശാസ്ത്രത്തേയും ആധാരമാ ക്കിക്കൊണ്ടുള്ള പ്രഭാഷണം ലളിതവും അതൊടൊപ്പംതന്നെ ഗുരുദർശ നത്തിന്റെ ഗരിമയോടുകൂടിയതുമായിരുന്നു. ഉച്ചയ്ക്കുശേഷം വേദാന്തസ ത്സംഗഗ്രൂപ്പിലെ പഠനവിദ്യാർത്ഥികളായ ശ്രീമതി. പ്രഭ സുധൻ, ശ്രീമതി. ലതാ ഷാജി, ശ്രീമതി അമ്മിണി ടീച്ചർ ശ്രീമതി. പ്രീത, ശ്രീമതി സജിത കണ്ണൻ എന്നിവരുടെ പ്രഭാഷണങ്ങൾ ഉണ്ടായിരുന്നു. ഗുരുപ്രണാമാർച്ച നയോടെ വൈകിട്ട് 5 മണിയ്ക്ക് പരിപാടികൾ സമാപിച്ചു.

വടക്കൻ പറവൂർ: ജനുവരി 10 ശനിയാഴ്ച വടക്കൻപറവൂർ ശ്രീനാരായ ണസേവികാശ്രമത്തിൽ ധർമ്മസോദരീമഠം സ്ഥാപിക്കുന്നതിനോടനുബ ന്ധിച്ച് നടന്ന ചടങ്ങിൽ നാരായണഗുരുവിന്റെ ജീവകാരുണ്യപഞ്ചകം, അഹിംസ, പിണ്ഡനന്ദി എന്നിവയെ ആധാരമാക്കിക്കൊണ്ട് സ്വാമി സുധിയുടെ പ്രഭാഷണം ഉണ്ടായിരുന്നു. ചടങ്ങിൽ ആശ്രമം മഠാധിപ സ്വാമിനി അമൃതമാതാ അദ്ധ്യക്ഷയായിരുന്നു.

കാഞ്ഞിരമറ്റം: ജനുവരി 14-ാം തീയതി വൈകിട്ട് ഏഴു മണിക്ക് കാഞ്ഞി രമറ്റം ജുമാ മസ്ജിദിൽവച്ചു നടന്ന മതസൗഹാർദ്ദസമ്മേളനത്തിൽ സ്വാമി സുധി ഏകലോകമതദർശനത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തി.

അട്ടാറ: അങ്കമാലി അട്ടാറ വിശുദ്ധ അൽഫോൻസാമ്മയുടെ ദേവാല യത്തിൽ അൽഫോൻസാമ്മയെ വാഴ്ത്തപ്പെട്ടവളായി അവരോധിച്ചതി നെത്തുടർന്നുള്ള പരിപാടിയിൽ സ്വാമി സുധി പ്രഭാഷണം നടത്തി.

കടുത്തുരുത്തി: ജനുവരി 24 ഞായറാഴ്ച രാവിലെ 10 മണിക്ക് കടുത്തു രുത്തി S.N.D.P യൂണിയനിൽ സ്കൂൾ ഓഫ് വേദാന്തയുടെ ആഭിമുഖ്യ ത്തിൽ ഗുരുദേവദർശനപഠനക്ലാസ്സ് യൂണിയൻ പ്രസിഡന്റ് ശ്രീ. പ്രസാദ് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. പിന്നീട് സ്വാമി സുധിയുടെ അനുഗ്രഹപ്രഭാഷണത്തോടെ ക്ലാസ്സിനു തുടക്കം കുറിച്ചു. ചടങ്ങിൽ കടു ത്തുരുത്തി യൂണിയൻ സെക്രട്ടറി ശ്രീ. രമണൻ അദ്ധ്യക്ഷനായിരുന്നു. ഒരു വർഷത്തെ പഠനക്ലാസ്സ് സ്വാമിനി ശബരി ചേതന നയിക്കും.

കളമശ്ശേരി: ജനുവരി 26 രാവിലെ 9 ന് കളമശ്ശേരി ശാന്തിഗ്രാമിലെ Institute of councelling and transactional analysis സംഘടിപ്പിച്ച ക്യാമ്പിൽ യോഗ ദർശനവും ട്രാൻസാക്ഷണൽ അനാലിസിസും എന്ന വിഷയത്തെ സംബ ന്ധിച്ച് സ്വാമി സുധി പ്രഭാഷണം നടത്തി.

പൂത്തോട്ട: ഡോക്ടർ പ്രഭാകരൻ എണ്ണയ്ക്കാത്തറയുടെ വസതിയിൽ വച്ചു എല്ലാ രണ്ടാമത്തെ ഞായറാഴ്ചയും നടക്കുന്ന സ്വാമിജിയുടെ ആത്മോപദേശശതകം ക്ലാസ്സ് അഞ്ച് ശ്ലോകങ്ങൾ പിന്നിട്ടു.

# വേദാന്ത ബേസിക് സാധനാ കോഴ്സ്

**ജീ**വിതം ഒരു സഞ്ചാരമാണ്. അറിവില്ലായ്മയിൽനിന്നും അറിവിലേക്കുള്ള സഞ്ചാരം. അറിവ് നേടിയെടുക്കേണ്ട ഒന്നല്ല. അറിവാണ് നമ്മുടെയൊക്കെ ആത്മസ്വരൂപമായിരിക്കുന്നത്. ആ അറിവ് അജ്ഞാനംകൊണ്ട് മറഞ്ഞുപോ യിരിക്കുകയാണ്. മറമാറ്റി കാണണമെങ്കിൽ അതിനു തക്കതായ അന്വേഷ ണവും സാധനയും ജീവിതത്തിൽ അവലംബിക്കണം. വേദാന്ത ബേസിക് സാധനാ കോഴ്സ് പത്ത് ഘട്ടങ്ങളിലായി മുപ്പതു മണിക്കൂർ ദൈർഘ്യമുള്ള ഒരു സാധനാകോഴ്സാണ്. ഇതിൽ സത്യജിജ്ഞാസുക്കളായ നിങ്ങൾക്ക് തികച്ചും ഇണക്കമുള്ള ജീവിതവീക്ഷണത്തെപ്പറ്റി മനസ്സിലാക്കാനും അനു സന്ധാനം ചെയ്യാനും കഴിയും. ഈ കോഴ്സിലൂടെ പുതിയൊരു കാഴ്ച പ്പാടും സൗന്ദര്യാനുഭൂതിയും പകർന്നുതരാൻ ഞങ്ങൾക്കു കഴിയും.

വൺ-വേൾഡ് സ്കൂൾഓഫ് വേദാന്ത നടത്തുന്ന വേദാന്തത്തിന്റെ ഈ ബേസിക് കോഴ്സിൽ ഓരോ ബാച്ചിലും മുപ്പതു പേർക്കായിരിക്കും പ്രവേശനം നൽകുക. പത്ത് തുടർച്ചയായ ആഴ്ചകളിൽ കോഴ്സ് പൂർത്തിയാകും. കോഴ്സ് നയിക്കുന്നത് വേദാന്തസ്കൂളിന്റെ അദ്ധ്യക്ഷ നായ സ്വാമി സുധിയാണ്. തൃപ്പൂണിത്തുറ ചാത്താരിയിലുള്ള ശ്രീ കെ.കെ സദാശിവന്റെ ഭവനത്തോടുചേർന്ന സ്കൂൾ ഓഫ് വേദാന്തയിൽ വച്ചായിരിക്കും ക്ലാസ്സുകൾ നടക്കുക. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കോഴ്സ് റെജിസ്ട്രാറുമായി ബന്ധപ്പെടുക. ഫോൺ - 0484-2777060. കോഴ്സിന് നൂറുരൂപയാണ് രജിസ്ട്രേഷൻ ഫീ.

ക്ലാസ്സ് 1 നാരായണ ഗുരുവിന്റെ ബ്രഹ്മവിദ്യാപഞ്ചകം - വിവേകചൂഡാ മണിയുടെ പശ്ചാത്തലത്തിൽ - ബ്രഹ്മവിദ്യാപഞ്ചകം പാരായണപാഠം - നാദാനുസന്ധാനം ധ്യാനം

ക്ലാസ്സ് 2 ദൈവദശകം - ദൈവം സത്യമോ മിഥ്യയോ? - പ്രാർത്ഥന യുടെ ആന്തരികാർകതഥങ്ങൾ - ലോകത്തിലെ മതങ്ങൾ. ദൈവദശകം പാരായണപാഠം - നാദാനുസന്ധാനം ധ്യാനം

ക്ലാസ്സ് 3 ഭഗവദ്ഗീതാദർശനം - ജ്ഞാനയോഗം -കർമ്മയോഗം - ഭക്തിയോഗം - ഗീതാധ്യാനം പാരായണപാഠം - ഭക്തി യോഗം പാരായണപാഠം - നാദാനുസന്ധാനം ധ്യാനം

ക്ലാസ്സ് 4 അനുകമ്പാദശകം - ജീവകാരുണ്യപഞ്ചകം - തത്ത്വചി ന്തയും മാനുഷികതയും-ജീവിതത്തിന്റെ മൗലികത - കാരു ണ്യരഹി തമാകുന്ന മതങ്ങൾ.അനുകമ്പാദശകം - ജീവകാ രുണ്യപഞ്ചകം പാരായണപാഠം- ഓങ്കാരധ്യാനം

ക്ലാസ്സ് 5 ഈശാവാസ്യോപനിഷത്ത് - ഭാരതീയ ദാർശനികചരിത്രം - ഉപനിഷത്തും ദർശനഭേദങ്ങളും - ഉപനിഷത്തിന്റെ മഹിമ ഈശാവാസ്യോപനിഷത് പാരായണപാഠം- ഓങ്കാരധ്യാനം

ക്ലാസ്സ് 6 ശങ്കരാചാര്യരുടെ മനീഷാപഞ്ചകം - ശങ്കരാചാര്യരും നാരാ യ ണഗുരുവും - വേദവ്യാസൻ മുതൽ നാരായണഗുരുവരെ ശങ്കരാചാര്യരുടെ പ്രഭാവം - മനീഷാപഞ്ചകം പാരായണപാഠം- ഗായത്രീധ്യാനം

ക്ലാസ്സ് 7 ആത്മോപദേശശതക പരിക്രമണം - ജ്ഞാനമീമാംസാ ധർമ്മശാസ്ത്രം - സൗന്ദര്യശാസ്ത്രം - മതസമന്വയത്തിനൊരു ഉൾക്കാഴ്ച - ആത്മോപദേശശതകം പാരായണപാഠം- ഗായത്രീധ്യാനം

ക്ലാസ്സ് 8 ഭഗവാൻ രമണമഹർഷിയുടെ ഉപദേശസാരം - ഞാൻ ആരാ?

കർമ്മത്തിൽ ബന്ധനമുണ്ടോ? - രമണമഹർഷിയുടെ താപ സജീവിതം - ഉപദേശസാരം പാരായണപാഠം-

വിപാസനാ ധ്യാനം

ക്ലാസ്സ് 9 മാണ്ഡൂക്യോപനിഷത് - ഭാരതീയ ബോധശാസ്ത്ര ത്തിന്റെ അടിസ്ഥാനം - ഓങ്കാരത്തിന്റെ പൊരുൾ - ചതുഷ്പാദ തത്ത്വം - മാണ്ഡൂക്യോപനിഷത്ത് പാരാ യണപാഠം

അകാര-ഉകാര-മകാര ധ്യാനം

ക്ലാസ്സ് 10ജനനീ നവരത്നമഞ്ജരി - മാതൃത്വത്തിന്റെ മാധുര്യം - ജ്ഞാനവും മാതൃത്വവും - ജനനീ നവരത്നമഞ്ജരി പാരായ ണപാഠം - ആത്മസ്വരൂപധ്യാനം.

കോഴ്സിന്റ പ്രഥമ ക്ലാസ്സ് ഫെബ്രുവരി 15-ാം തീയതി ഞായറാഴ്ച വൈകീട്ട് 2.30 മുതൽ 5.30 വരെ. പത്തു ഞായറാഴ്ചകളിലായി കോഴ്സ് പൂർത്തിയാകും. കോഴ്സിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകു ന്നതായിരിക്കും. വേദാന്തയുടെ അഡ്വാൻസ്ഡ് കോഴ്സ് ബേസിക് കഴി ഞ്ഞവർക്ക് ചെയ്യാനാകും.